# അക്ഷരം

ലക്കം 4

ജൂലൈ, 2018



**TROMBAY TOWNSHIP FINE ARTS CLUB (Regd.)**

Room No.1, Cultural Complex, Takshasila square, Anushaktinagar, Mumbai-94

Telephone : 022-25527115, email : ttfac@hotmail.com, Web site : www.ttfac.org

# അക്ഷരം


ഇ-മാഗസിൻ

ഒരു ടി.ടി.എഫ്.എ.സി. പ്രസിദ്ധീകരണം

ലക്കം 4, ജൂലൈ 2018

aksharam.ttfac@gmail.com



**എഡിറ്റർ**

ശ്രീ. സുധീർ മുഹമ്മദ്

**രക്ഷാധികാരികൾ**

ഡോ.എ. വേണുഗോപാൽ

*പ്രസിഡന്റ്, ടി.ടി.എഫ്.എ.സി*

ശ്രീ. പി. വിശ്വനാഥൻ

*സെക്രട്ടറി, ടി.ടി.എഫ്.എ.സി*

ശ്രീ. രതീഷ് എം. പി.

*ട്രഷറർ, ടി.ടി.എഫ്.എ.സി*

**നിർവ്വാഹക സമിതി**

ശ്രീ. വിജു ചിറയിൽ

ശ്രീ. പ്രദീപ് ആർ.

ശ്രീ. ശ്രീപ്രസാദ് വി.

ശ്രീ. സുനിൽ ഡി. ജോർജ്ജ്

(ഡിസൈൻ, ലേ-ഔട്ട്)

**ഇല്ലസ്ട്രേഷൻ**

ശ്രീമതി. ജിൽജു രതീഷ്

**മുഖചിത്രം**

മനോജ് കുമാർ ടി. കെ.


## ഉൾത്താളുകളിൽ...


1. **ജാതകം** — 4
   പി. വിശ്വനാഥൻ
2. **കണ്ണകിയെ അറിയാൻ** — 5
   എം. തോമസ്
3. **കല്ല്യാണിയുടെ കടി** — 9
   ശ്രീപ്രസാദ് വി.
4. **രണ്ട് കവിതകൾ** — 12
   മായാദത്ത്
5. **വിതുമ്പുന്ന മനസ്സുകൾ** — 13
   നോബിൾ ജേക്കബ്ബ്
6. **യാത്രകളിൽ ചിലപ്പോൾ സംഭവിക്കുന്നത്** — 15
   കണക്കൂർ ആർ സുരേഷ് കുമാർ
7. **ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ?** — 17
   നാദിയ അജ്മൽ
8. Words fallen — 22
   Prathibha Pradosh
9. **നിദ്ര** — 23
   സുനിൽ ഡി. ജോർജ്ജ്
10. Miss Y — 24
    Varada Harikumar
11. **നീലശരികൾ** — 27
    ആശാമോൾ എൻ. എസ്
12. My brother — 30
    Adithyakrishna

കഥാപാത്രങ്ങളുടെ സ്വാഭാവികതയ്ക്ക് വാമൊഴിക്ക് വലിയ പങ്കുണ്ട്. കേരളത്തിലെ പല എഴുത്തുകാരും ഇത് സമർത്ഥമായി ഉപയോഗിച്ചവരാണ്. ബേപ്പൂർ സുൽത്താൻ മുതൽ സി.വി. രാമൻപിള്ള വരെ ഈ ഗണത്തിൽ പെടുന്നു. കാലദേശങ്ങളെ സന്നിവേശിപ്പിക്കാൻ വാമൊഴിപ്രയോഗത്തിലൂടെ നമ്മുടെ കഥാകാരൻമാർക്ക് കഴിയട്ടെ എന്ന ആശംസകളോടെ....

എഡിറ്റോറിയൽ - സുധീർ മുഹമ്മദ്

സസ്നേഹം

സുധീർ മുഹമ്മദ്
എഡിറ്റർ



sudheerkmuhammed@gmail.com



**സൂചന: ഈ പ്രസിദ്ധീകരണത്തിലെ കൃതികളുടെയും അഭിപ്രായങ്ങളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം അതിന്റെ രചയിതാക്കളിൽ നിക്ഷിപ്തമാണ്.**

# ജാതകം

## പി. വിശ്വനാഥൻ





ഞാൻ നിന്റെ ജാതകം നോക്കി
ചൊവ്വയിൽ തന്നെ ദോഷക്കൂടാരം
അഷ്ടിക്ക് വക
ഒരു ഭാവത്തിലും കാണുന്നില്ല
ഒരിക്കലെങ്കിലും ഒരു തുണ
ഒപ്പം പാർക്കില്ല എന്നതും തെളിഞ്ഞു
ഞാൻ നിന്റെ രാശ്യാധിപനെ ശ്രദ്ധിച്ചു
ബലം പോര. നീചനാണ്
പിന്നീടാണ് ഞാൻ നിന്നെ ശ്രദ്ധിച്ചത്
നിന്റെ നിഷ്കളങ്കമായ മുഖം
രാശിപഥങ്ങളെ വലം വെയ്ക്കുന്നു
രാഹുകേതുക്കളുടെ അപഹാരങ്ങളാൽ
തലകുനിച്ച് നീ സൗരയൂഥത്തിൽ

നിന്റെ ജാതകദോഷത്തിന്
പരിഹാരം കാണാൻ കഴിയാതെ
വെറ്റിലയിൽ ചരടു ജപിച്ചു വെച്ച്
ദക്ഷിണതന്നോളൂ എന്നു ഞാൻ

ഇനി നീ ജാതകം നോക്കാതെ
നിനക്കുള്ള രാശ്യാധിപനെ നോക്കണം
ചൊവ്വയും രാഹുകേതുക്കളും
ഭൂമിയിലെ കുഴിമാടത്തിൽ മൂടണം
ഞാൻ ജപിച്ചുതന്ന ചരടിൽകെട്ടി
ഭൂമിയെ വട്ടത്തിൽ കറക്കണം
നാലു വ്യാഴവട്ടമെങ്കിലും
ഭൂമി നിനക്കുചുറ്റും വലത്തിടും.



# കണ്ണകിയെ അറിയാൻ

## എം. തോമസ്



അന്ന്, ചോരയിറ്റുന്ന മാറിടവുമായി കയ്യിൽ ഉയർത്തിപ്പിടിച്ച ചിലമ്പുമായി അലറിക്കരഞ്ഞുകൊണ്ട് കണ്ണകി നിന്നു. മധുര രാജധാനിക്കുപുറത്ത്. അവളുടെ രോഷാഗ്നിയിൽ മധുര നീറിപ്പുകഞ്ഞു...

കണ്ണകി. ചിലപ്പതികാരത്തിലെ നായിക. കോവലന്റെ ഹൃദയേശ്വരിയായിരുന്ന നാടൻ പെണ്ണ്.

മധുര സാമ്രാജ്യത്തിലെ ഒരു ഗ്രാമത്തിൽ പുറം ലോകത്തിന്റെ കണ്ണിൽ പെടാതെ വളർന്നൊരു നാടൻ പെണ്ണ്, കണ്ണകി. കരിനീലക്കണ്ണുള്ള ഒരു ഗ്രാമീണ. ഒരു സാധാരണ പൗരന്റെ ഓമനപ്പുത്രി.

കണ്ണകിയെ വിവാഹം ചെയ്തത് കോവലൻ. അയാളൊരു ചെറു വ്യാപാരിയായിരുന്നു. അല്പസ്വല്പം സ്വഭാവദൂഷ്യം ഉണ്ടായിരുന്ന ഒരു ചെറുപ്പക്കാരൻ. കണ്ണകിയെ കോവലൻ വിവാഹം ചെയ്തു കൊടുത്തപ്പോൾ അവളുടെ അച്ഛൻ അവൾക്ക് നൽകിയത് ചിലമ്പായിരുന്നു. ഏതാനും രത്നങ്ങൾ പതിച്ച ചിലമ്പ്.

കോവലന്റെ വ്യാപാരം നശിക്കുന്നതും മടിശ്ശീല ഒഴിയുന്നതും നിറകണ്ണുകളോടെ നിശ്ശബ്ദയായി കണ്ടിരിക്കാനേ കണ്ണകിക്ക് ആകുമായിരുന്നുള്ളൂ. കോവലൻ നിത്യവും സന്ദർശിച്ചിരുന്ന നാട്യഗൃഹങ്ങളും വേശ്യാലയങ്ങളും അദ്ദേഹത്തെ സ്വീകരിക്കാതെയായി. അയാൾ കണ്ണകിയുടെ അടുത്തേക്ക് മടങ്ങി.

ഒഴിഞ്ഞ മടിശ്ശീല, വിശന്നു കത്തുന്ന വയറുകൾ. കണ്ടാൽ മുഖം തിരിക്കുന്ന ബന്ധുക്കളും സുഹൃത്തുക്കളും. നാട്ടിൽ കഴിഞ്ഞുകൂടാനാകാതെ കണ്ണകിയുമായി കോവലൻ നാടുവിട്ടു. മധുര പട്ടണം ലക്ഷ്യം വച്ച് അവർ നടന്നു. ഗ്രാമങ്ങൾ പലതും കടന്ന് അവർ പട്ടണത്തിലെത്തി.

ആദ്യം കണ്ടെത്തിയ കുടിലിൽ കണ്ണകിയെ ഇരുത്തി അവളുടെ ചിലമ്പുമായി കോവലൻ പട്ടണത്തിലെ കടകള് കയറിയിറങ്ങി. അത് വാങ്ങുവാൻ കെല്പുള്ള വ്യാപാരിയെ കണ്ടെത്താൻ കോവലൻ പണിപ്പെട്ടു. ആ ചിലമ്പിൽ പതിച്ചിട്ടുള്ള രത്നങ്ങൾ വളരെ വില പിടിപ്പുള്ളതാണെന്ന് കോവലന് ബോദ്ധ്യമായി. ഒപ്പം ആ ചിലമ്പിൽ ഒരു നിയമപാലകന്റെ ആർത്തി പൂണ്ട കണ്ണുകൾ പതിഞ്ഞു കഴിഞ്ഞിരുന്നു. മഹാരാജാവിന്റെ വളരെ വേണ്ടപ്പെട്ട ആളായിരുന്നു ആ നിയമപാലകൻ. ആ ചിലമ്പ് തട്ടിയെടുക്കാൻ കുടിലതന്ത്രങ്ങൾ മെനയപ്പെട്ടു. വൈകിയില്ല, കോവലൻ ബന്ധിതനായി. നിയമപാലകന്റെ ബന്ധനത്തിൽ.

മഹാറാണിയുടെ നഷ്ടപ്പെട്ട ചിലമ്പ് മോഷ്ടിച്ച കോവലന് ശിക്ഷ നൽകാൻ മഹാരാജാവിന്റെ മുന്നിൽ ഹാജരാക്കപ്പെട്ടു. പരാതി തയ്യാറാക്കിയതും, തെളിവുണ്ടാക്കിയതും, പ്രതിയെ ഹാജരാക്കിയതും വേണ്ടപ്പെട്ടവർ ആയത് കൊണ്ട് കൂടുതൽ അന്വേഷണത്തിന്റെ ആവശ്യമുണ്ടായില്ല. കോവലൻ വധിക്കപ്പെട്ടു. മഹാറാണിയുടെ നഷ്ടപ്പെട്ട ചിലമ്പ് ഒരു തെരുവുതെണ്ടിയായ കോവലൻ മോഷ്ടിച്ചത് തന്നെ എന്നു വിശ്വസിക്കാൻ നീതിമാനായ ചെങ്കുട്ടവനു പോലും പ്രയാസമുണ്ടായില്ല.

വാർത്ത കാട്ടുതീ പോലെ മധുരയിലെങ്ങും പരന്നു. അതിന്റെ ഒരു ശകലം കണ്ണകിയുടെ ചെവിയിൽ എത്തി. ഒരിടിത്തീ പോലെ ആ വാർത്ത അവളുടെ മേൽ പതിക്കുകയായിരുന്നു. മാറത്തടിച്ചു വാവിട്ടു കരഞ്ഞുകൊണ്ട് കണ്ണകി രാജകൊട്ടാരത്തിലെത്തി. മഹാരാജാവിനോട് അവൾ ചോദിച്ചു, അടിയന്റെ കോവലൻ എന്തു തെറ്റാണ് ചെയ്തത്?

“മഹാറാണിയുടെ ചിലമ്പ് മോഷ്ടിച്ചു”

“കോവലൻ കള്ളനല്ല. കോവലൻ വിൽക്കാൻ കൊണ്ടു പോയത് അടിയന്റെ ചിലമ്പാണ്. അടിയന്റെ കല്യാണത്തിന് സമ്മാനമായി അടിയന്റെ അച്ഛൻ തന്നതായിരുന്നു ആ ചിലമ്പ്.”

കോവലൻ ഇനി തിരികെ വരില്ല എന്നാ യാഥാർത്ഥ്യം കണ്ണകിയെ ഒരു ഭ്രാന്തിയാക്കി. തന്റെ കോവലനെ എന്നെന്നേക്കുമായി നഷ്ടപ്പെടുത്തിയ ആ മഹാരാജാവിനെ ഉള്ളുരുകി അവൾ ശപിച്ചു... “മധുര സാമ്രാജ്യം നശിച്ചു പോകട്ടെ" എന്നു ശപിച്ചു കൊണ്ട് ഒരു കൊടുങ്കാറ്റു പോലെ അവൾ പുറത്തേക്ക് ഓടി. അവളുടെ മാറിലെ ക്ഷതത്തിൽ നിന്നിറ്റുവീണ രക്തം മധുര രാജധാനിയെ മുക്കി. അത് ഒരു തീജ്വാലയായി മധുര സാമ്രാജ്യത്തെ ചാമ്പലാക്കി.

മധുര രാജധാനിയിൽ കുറ്റബോധം കൊണ്ട് ഹൃദയം പൊട്ടി നീതിമാനായ ചെങ്കുട്ടവൻ മരിച്ചു വീണു. ഒരു നിരപരാധിയെ മോഷ്ടാവാക്കി നിരപരാധിത്വം തെളിയിക്കാൻ അവസരം പോലും നൽകാതെ മരണശിക്ഷ വിധിച്ച തന്റെ നിഷ്ഠൂരതയിൽ സ്വയം നീറിപ്പോയി ആ നീതിമാൻ. ആ മോഷണക്കഥ ഒരു കള്ളക്കഥയായിരുന്നു എന്നു തിരിച്ചറിയുവാൻ അദ്ദേഹത്തിനു കണ്ണകിയുടെ ഏതാനും വാക്കുകൾ മതിയായിരുന്നു. കണ്ണകിക്ക് ലഭിച്ച അനുതാപതരംഗം മധുരയിൽ ആഞ്ഞടിച്ചതും അദ്ദേഹം അറിഞ്ഞിരുന്നു. ചെങ്കുട്ടവന്റെ ജഡത്തിനരികിൽ മഹാറാണിയുടെ ചേതനയറ്റ ശരീരവും വീണു. ചെങ്കുട്ടവന്റെ വാഴ്ചയും അതോടെ അവസാനിച്ചു. അതാണ് ചിലപ്പതികാരം.

മധുര രാജകുലത്തെ ശപിച്ചു നശിപ്പിച്ച കണ്ണകി ഭക്തജനങ്ങളുടെ മനസ്സിൽ കൊടുങ്ങല്ലൂരമ്മയായി ഇന്നും ജീവിക്കുന്നു. കുട്ടികളെ ഭയപ്പെടുത്തുന്ന ഒറ്റമുലച്ചിയായി... ആറ്റുകാലമ്മയായി... ചക്കുളത്തുകാവിലമ്മയായി... ദുർഗ്ഗാദേവിയുടെ അവതാരമായി... അങ്ങനെ അനവധി ഭാവങ്ങളിൽ.

<u>**അൽപ്പം ചരിത്രപരിശോധന**</u>

---

ദൈവങ്ങളെ കാലം നിർണ്ണയിച്ച് ഉറപ്പിച്ചിരുത്താൻ പാടില്ല. ആ കാലനിർണ്ണയം വിശ്വാസങ്ങൾക്കും വിശ്വാസികളിലും ഉലച്ചിലുണ്ടാക്കും. അവതാരങ്ങൾക്കും കാലനിർണ്ണയം ചേരില്ല. ദൈവത്വം കൽപ്പിക്കപ്പെട്ടവർക്കും സ്വയം ദൈവങ്ങൾ ആയവർക്കും ചികഞ്ഞു നോക്കിയാൽ ചരിത്രത്തിൽ ഇടം കാണും.

ഇഷ്ടം തനിയെ സ്നേഹമായി വളരും. സ്നേഹം വളർന്ന് ബഹുമാനമാകും. ബഹുമാനം ആരാധനയായി വളരും. ആരാധനയുടെ മൂർദ്ധന്യത്തിൽ ആരാധനാമൂർത്തികൾ ദൈവങ്ങളായി അവരോധിതരാകും.

ചിലപ്പതികാരനായികയ്ക്ക്, കണ്ണകിക്ക് ചരിത്രത്തിൽ ഇടം കിട്ടിയിട്ടുണ്ട്. എ.ഡി. 756-ൽ മധുര ഭരിച്ചിരുന്ന ചെങ്കുട്ടവനാണ് കോവലന് മരണശിക്ഷ വിധിച്ചത്. നിരപരാധിത്വം തെളിയിക്കാൻ അവസരം പോലും നൽകാതെയാണ് കോവലനെ വധിച്ചത്. നീതിമാനും പ്രജാതൽപ്പരനും ആയി വാഴ്ത്തപ്പെട്ടിരുന്ന മഹാരാജാവിൽ നിന്നാണ് ആ വിധിയുണ്ടായത്.

നിഷ്ക്കളങ്കയായ കണ്ണകിയുടെ കണ്ണീരുകണ്ട മധുരാധിപന്റെ മനമുരുകി. ആലോചനക്കുറവുമൂലം തനിക്കുപറ്റിയ അബദ്ധം മഹാപരാധമായി പരിണമിച്ചതിൽ അദ്ദേഹത്തിന്റെ മനം നൊന്തു. സ്വന്തക്കാരന്റെ വാക്കുകൾ വിശ്വസിച്ച് താൻ കാട്ടിയ അവിവേകമായിരുന്നു ആ ശിക്ഷാവിധി. മാപ്പർഹിക്കാത്ത കുറ്റം താനാണ് ചെയ്തത്. ആ കുറ്റബോധത്തിന്റെ പാരമ്യത്തിൽ ആ നീതിമാന്റെ ഹൃദയം വിങ്ങിമരിച്ചു. അദ്ദേഹത്തിന്റെ പ്രിയതമ ഒപ്പം മരിച്ചുവീണു. അവിടെ പൂർണ്ണമായി ചിലപ്പതികാരം.

കോവലന്റെ മരണശിക്ഷയും കണ്ണകിയുടെ തീരാദു:ഖവും മഹാരാജാവിന്റെയും പത്നിയുടെയും മരണവും കൊണ്ട് പര്യവസാനിപ്പിക്കാമായിരുന്ന ചിലപ്പതികാരത്തിന് മാറ്റ് കൂട്ടാൻ കൃതഹസ്തനായ ഇളങ്കോവടികൾ അല്പം അതിഭാവുകത്വം ചേർത്തപ്പോൾ കഥാപാത്രങ്ങൾക്ക് അസാധാരണത്വം വന്നു പോയി. അതിന്റെ പരിണാമമാണ് കണ്ണകിക്ക് ദുർഗാദേവിയുടെ അവതാരമെന്ന അസാധാരണത്വം നേടിക്കൊടുത്തത്. അവളുടെ മാറത്തടിയിൽ നിന്നും ചിന്തിയ ചോരത്തുള്ളികളെ രക്തപ്രളയമായി ധ്വനിക്കപ്പെട്ടു. ആ പ്രളയത്തിൽ കൊട്ടാരവും രാജധാനിയും മുങ്ങിപ്പോയെന്നും ഇളങ്കോവടികൾ എഴുതിച്ചേർത്തു. ചെങ്കുട്ടവന്റെ സഹോദരൻ ആയിരുന്നു ഇളങ്കോവടികൾ എന്ന ഈ രചയിതാവ്. രചനാകാലയളവിന്റെ പ്രത്യേകത കണക്കിലെടുക്കുമ്പോൾ രചനയിലെ അതിഭാവുകത്വം സ്വാഭാവികമാണെന്ന് ബോധ്യപ്പെടും.

കണ്ണകിയുടെ കോപാഗ്നിയിൽ മധുര രാജ്യം കത്തിച്ചാമ്പലായി. മഹാരാജാവും രാജ്ഞിയും മരിച്ചു വീണു. കണ്ണകീശാപം അക്ഷരാർത്ഥത്തിൽ തന്നെ ഫലിച്ചു. നിരപരാധിയായ കോവലന്റെ മരണശിക്ഷയും കണ്ണകിയുടെ കണ്ണീരും മധുരയിലെ ജനങ്ങൾക്കിടയിൽ സൃഷ്ടിച്ച അനുതാപം മഹാരാജാവിനെതിരായ വികാരമായി വളർന്നിട്ടുണ്ടാകാം. മഹാരാജാവിന്റെ മരണത്തിന് അതും കാരണമായിട്ടുണ്ടാവാം. അദ്ദേഹത്തിന്റെ മരണം ചെങ്കുട്ടവൻ രണ്ടാമനിലേക്ക് അധികാരം എത്തിച്ചുകൊടുത്തു. കണ്ണകിയുടെ ശാപം ഫലിച്ചു എന്ന് രേഖപ്പെടുത്തുവാൻ ഇത്രയും സംഭവങ്ങൾ ധാരാളം.

യാഥാർത്ഥ്യബോധത്തോടെ ചിലപ്പതികാരത്തെ സമീപിച്ചാൽ മധുരസാമ്രാജ്യത്തിലെ കണ്ണകിക്ക് ചരിത്രത്തിൽ വേരുകളുള്ളതായി കാണാം.

പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനായിരുന്ന സ്വാമിക്കണ്ണുപിള്ള രേഖപ്പെടുത്തിയിട്ടുള്ള ചരിത്രത്തിൽ എ.ഡി. 756-ൽ കണ്ണകി അഭിമുഖീകരിച്ച ദുരന്തത്തിന്റെ സൂചനകളുണ്ട്. ജൈനമതവിശ്വാസിയായിരുന്ന കണ്ണകിയുടെ ദുരന്തത്തിൽ സഹതപിച്ചവരിൽ ചെങ്കുട്ടവൻ രണ്ടാമന്റെ രാജ്ഞിയും ഉൾപ്പെട്ടിരുന്നു.

മധുര രാജ്യഭാരം ഏറ്റെടുത്ത ചെങ്കുട്ടവൻ രണ്ടാമന്റെ മഹാറാണി ഇളങ്കോ രേണ്മാൾ ജൈനമതക്കാരിയായിരുന്നു. അവരുടെ പ്രേരണയാൽ കണ്ണകിയെന്ന വീരനായികയുടെ സ്മാരകമായി കൊടുങ്ങല്ലൂരിൽ ഒരു മസ്തിക്കല്ല് സ്ഥാപിക്കപ്പെട്ടു. മസ്തിക്കല്ല് കാലക്രമത്തിൽ യക്ഷിക്കല്ലായി

പരിണമിച്ചു. പിന്നെന്തൊക്കെ പരിണാമങ്ങൾ അതിനുണ്ടായെന്ന് പറയേണ്ടല്ലോ. ഒരു പാവപ്പെട്ട ഗ്രാമീണപ്പെണ്ണായിരുന്ന കണ്ണകിക്ക് മധുരസാമ്രാജ്യത്തിന്റെ ചരിത്രത്തിൽ ഇടമുണ്ടായിരുന്നുവെന്ന് ഉറപ്പിച്ചു പറയുന്നു കേസരി ബാലകൃഷ്ണപിള്ള എന്ന ചരിത്രഗവേഷകൻ. ജൈനമതക്കാരിയായിരുന്ന കണ്ണകിക്ക് ചരിത്രത്തിൽ സ്ഥാനമുണ്ടാക്കിക്കൊടുക്കാൻ ഇളങ്കോവടികളും ഇളങ്കോ രേണ്ടാളും കൈയ്യയച്ച് സഹായിച്ചിട്ടുമുണ്ട്.

---

*(കടപ്പാട്: കേസരി ബാലകൃഷ്ണപിള്ളയുടെ ചരിത്രഗവേഷണങ്ങൾ വോള്യം 4)*

# കല്ല്യാണിയുടെ കടി

## ശ്രീപ്രസാദ് വി.



“കുട്ടാ... നമ്മടെ കല്യാണിക്ക് എന്തോ ഒരു സുഖല്യാത്ത പോലെ...” വൈകുന്നേരത്തെ ചായകുടി സമയത്താണ് അമ്മ കുട്ടനോട് പറഞ്ഞത്.

"അവൾ ഒന്നും തിന്നണൂല്യ. കഴുത്താണെങ്കിൽ ഇടക്കിടെ കുടയുന്നു. മൂക്ക് നന്നായി ഉണങ്ങിയിരിക്കുകയാണ്!"

പശുക്കളുടെ സുഖമില്ലായ്മ മൂക്കിൽ നോക്കിയാലറിയാമെന്നാണ് അമ്മയുടെ കണ്ടുപിടുത്തം. ഒരസുഖവുമില്ലെങ്കിൽ പൈക്കളുടെ മൂക്ക് നന്നായി നനഞ്ഞിരിക്കും. ചെറിയ വയ്യായ്ക ഉണ്ടെങ്കിൽപ്പോലും മൂക്ക് ഉണങ്ങിയിരിക്കുമത്രെ! ഇത് ശരിയാണെന്ന് നാട്ടിലെ ഏക മൃഗവൈദ്യനായ ആപ്പ വൈദ്യനും സമ്മതിച്ചതാണ്.

അമ്മ കുറച്ച് പിണ്ണാക്ക് കലക്കിയ കാടിവെള്ളവുമായി പുറത്തേക്കിറങ്ങി. ചായ പതുക്കെ മൊത്തിക്കുടിച്ചുകൊണ്ട് കുട്ടനും അമ്മയുടെ പിന്നാലെ നടന്നു.

മുൻവശത്തെ പഞ്ചാര മാവിന്റെ ചുവട്ടിലാണ് അന്ന് കല്യാണിയെ കെട്ടിയിരുന്നത്. ആ മാവിന് പഞ്ചാരമാവെന്ന പേരിട്ടതാരാണാവോ! എന്തായാലും അത് നല്ലവണ്ണം ചേരുമെന്ന് കുട്ടന് തോന്നി. ചെറിയ മാങ്ങയാണെങ്കിലും നല്ല മധുരം. കാമ്പ് കുറച്ചേ ഉള്ളൂവെങ്കിലും പഴുത്താൽ തൊലിക്കുപോലും മധുരമുണ്ട്.

"കുടിക്കെടീ കല്യാണീ"

അമ്മ കാടിപ്പാത്രം കല്യാണിയുടെ മുന്നിൽ വച്ച്, കൈകൊണ്ട് ഇളക്കി കുടിക്കാൻ പറയുകയാണ്. അവളാണെങ്കിൽ നോക്കുന്നുപോലുമില്ല. അമ്മ കുതിർന്ന കുറച്ച് പിണ്ണാക്ക് കൈകൊണ്ട് കോരിയെടുത്ത് കല്യാണിയുടെ വായ്ക്കടുത്ത് വച്ചു നോക്കി. എന്നിട്ടും അവൾക്ക് ഒരു നോട്ടവുമില്ല."ഒന്ന് ങ്ട് നോക്കൂ... കല്യാണി ഒന്നും കഴിക്കണൂല്യ കുടിക്കണൂല്യ . എന്തോ വയ്യായ്ക ഉള്ള പോലെ തോന്നുന്നു."

നോക്കൂ വിളി അച്ഛനെയാണ്. തെക്കേ മുറ്റത്ത് ചാണകം പൊടിച്ചുകൊണ്ടിരിക്കുകയാണ് അച്ഛൻ. അവധിക്കാലത്ത് ചാണകം ഉണക്കി പൊടിച്ച് ചാക്കിലാക്കി കെട്ടിവെക്കലാണ് അച്ഛന്റെ പ്രധാന പണി. ചേന നടുമ്പോഴും മഴക്കാലത്ത് ഇഞ്ചിക്കും മറ്റ് പച്ചക്കറി കൃഷിക്കുമൊക്കെയായിട്ടാണ് ഇത്. തെക്കേ മുറ്റത്തെ ചാണകക്കൂമ്പാരത്തിനു മുന്നിൽ കുന്തിച്ചിരുന്നുകൊണ്ട് ഒരു മരമുട്ടിയുമായി ഉണങ്ങിയ ചാണകം പൊടിച്ചുകൊണ്ട് അച്ഛൻ എത്ര നേരം വേണമെങ്കിലും ഇരുന്നോളും. അതുകോരി ചാക്കിലാക്കാൻ കുട്ടനെയും ചിലപ്പോൾ സഹായത്തിനായി വിളിക്കാറുണ്ട്. ഉണക്കാനിട്ട ചാണകത്തിൽനിന്നും വിരലിന്റെ വണ്ണമുള്ള വെളുത്ത ചിങ്ങൻ പുഴുക്കളെ കാക്കകൾ കൊത്തിക്കൊണ്ടു പോകുമ്പോൾ കുട്ടന് സങ്കടം വരാറുണ്ട്.

കൈയിലെ ചാണകപ്പൊടിയൊക്കെ ഒന്ന് തട്ടിക്കളഞ്ഞ് അച്ഛൻ എഴുന്നേറ്റ് വന്നു. അപ്പോഴേക്കും കല്യാണിയുടെ വെപ്രാളം കുറച്ചുകൂടി കൂടിയിട്ടുണ്ട്. വായിലൂടെ ചെറിയതായി നുരയും പതയും വരുന്നുണ്ട്. അച്ഛനും ചെറിയ പരിഭ്രമം.

"എന്തോ തൊണ്ടയിൽ കുടുങ്ങിയതു പോലെയുണ്ടല്ലോ!"

അച്ഛൻ കല്യാണിയുടെ മുഖത്തും താടയി (കഴുത്തിന്റെ താഴ്ഭാഗം) ലുമൊക്കെയൊന്ന് കൈകൊണ്ട് തടവി.

“ന്തായാലും ഒന്ന് കൈയിട്ടുനോക്കാം” അമ്മയെ നോക്കി പറഞ്ഞു.

എല്ലാം കൂടി കണ്ടപ്പോൾ കുട്ടനും സങ്കടം വരാൻ തുടങ്ങിയിരുന്നു. അച്ഛൻ പതിയെ കൈ കല്യാണിയുടെ വായിലേക്കിട്ട് വിരലുകൾ കൊണ്ടൊന്ന് പരതാൻ നോക്കി.

"അയ്യോ.... കടിച്ചേ ..." എന്നും പറഞ്ഞ് ഇടത്തെ കയ്യും കൊണ്ട് കല്യാണിയെ ഒറ്റ അടികൊടുത്ത് അച്ഛനൊരു ചാട്ടം. കുട്ടനും അമ്മയും നോക്കുമ്പോഴോ! അച്ഛന്റെ കൈയ്യിന്റെ മുട്ടിനു താഴെ കടിയുടെ ചെറിയൊരു പാട്. കുറേശ്ശെ ചോര കിനിയുന്നുമുണ്ട്.

"ഒന്ന് പോയി ആ ആപ്പയെ കൂട്ടി വരൂ"

ഒരു കപ്പിൽ വെള്ളം കൊണ്ടുവന്ന് അച്ഛന്റെ കൈയിലേക്ക് ഒഴിച്ചുകൊടുക്കുമ്പോൾ അമ്മ ധൃതി കൂട്ടി. അപ്പോഴേക്കും കല്യാണിയുടെ അവസ്ഥ കുറേക്കൂടി മോശമായപോലെ കുട്ടനുതോന്നി. തല വല്ലാതെ മുകളിലേക്ക് നീട്ടുന്നു. നാക്കും ഇടക്കിടെ പുറത്തിടുന്നുണ്ട്. അതെല്ലാം കണ്ട് അവന് വല്ലാത്ത വിഷമം വന്നു.

"ഈശ്വരാ പാല് കറക്കാൻ നേരായി. ഒന്ന് വേഗാവട്ടെ" തെക്കേ മുറ്റത്തു കെട്ടിയിരുന്ന മൂരിക്കുട്ടനെ സ്നേഹത്തോടെ നോക്കികൊണ്ട് അമ്മ അച്ഛനെ ഒന്നുകൂടി ധൃതി കൂട്ടി.

"കുട്ടാ നീ വരുന്നുണ്ടോ ആപ്പവൈദ്യന്റെ വീട്ടിലേക്ക്?"

അച്ഛൻ തോളിലൊരു തോർത്തുമിട്ട് ഇറങ്ങുമ്പോൾ കുട്ടനോട് ചോദിച്ചു. 'കല്യാണിയുടെ കാര്യത്തിനല്ലേ!" സന്തോഷത്തോടെ അവൻ അച്ഛന്റെ പിന്നാലെ വേഗം ഓടി. ആ ഓട്ടത്തിനിടയിൽ "ഈശ്വരാ ന്റെ കല്യാണിക്ക് ഒന്നും വരുത്തല്ലേ..." എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഒരു ഉറുപ്പിക നാണയം ശീവോതിക്കൂട്ടിൽ ഭഗവതിയുടെ ചിത്രത്തിനു മുൻപിൽ ഭക്തിയോടെ അമ്മ വക്കുന്നത് കുട്ടൻ മനസ്സിൽ കണ്ടു. വൈദ്യന്റെ വീട്ടിലേക്ക് പത്തുപതിനഞ്ചു മിനിറ്റ് കുണ്ടനിടവഴിയിലൂടെ നടക്കണം. വഴിക്ക് വീതി വളരെ കുറവാണ്. മറുവശത്തുനിന്നും ആരെങ്കിലും വരുന്നുണ്ടെങ്കിൽ ഒന്ന് മുട്ടിയുരുമ്മിയെ പോവാൻ കഴിയൂ. വരുന്നത് പോത്തോ പശുവോ ആണെകിൽ പിന്നാക്കം നടന്ന് ആരുടെയെങ്കിലും തൊടിയിലേക്ക് കയറിനിൽക്കേണ്ടി വരും. മഴക്കാലത്ത് മുട്ടിന് വെള്ളമുണ്ടാകും ആ വഴി നടക്കുമ്പോൾ!

കല്യാണിയുടെ കാര്യം അത്ര നല്ല പന്തിയല്ല എന്നു തോന്നിയതിനാലാവാം അച്ഛൻ നല്ല വേഗത്തിലാണ് നടക്കുന്നത്. ഒപ്പമെത്താൻ കുട്ടന് ഇടയ്ക്കിടെ ഓടേണ്ടിവന്നു. ഭാഗ്യം വീട്ടുവരെ പോകേണ്ടിവന്നില്ല. ആപ്പവൈദ്യൻ അതാ നടന്നുവരുന്നു. മൂപ്പർ വൈകുന്നേരത്തെ ഒരു വീശലിനുള്ള പുറപ്പാടിലായിരുന്നു. അച്ഛൻ കല്യാണിയുടെ അവസ്ഥ ചെറുതായൊന്നു വിവരിച്ചു. കൈയിലെ മുറിവും കാണിച്ചു. ഇടത്തെ കൈയിലെ ചെറുവിരൽ ചെവിക്കകത്തൊന്നിട്ട് തിരിച്ച് പുറത്തെടുത്തു വൈദ്യൻ. ആ വിരൽത്തുമ്പിലേക്ക് നോക്കി ആലോചനാനിമഗ്നനായി. അച്ഛന്റെ കൈയിലെ മുറിവും ഒന്ന് നോക്കി.

"മാഷേ ... പയ്യിനെ നായ്ക്കൾ വല്ലതും കടിച്ചിരുന്നോ?"

"എന്താ ആപ്പേ കാര്യം?"

"അല്ല മാഷെ പയ്യിന്റെ വായെന്ന് നൊരേം പതേം വര്ണ്ണ്ട്. ങ്ങളെ ഒന്ന് കടിക്കേം ചെയ്തു. പേയടെ ഒരു ലക്ഷണം പോലെ!"

അത് കേട്ടപ്പോൾ കുട്ടന് വല്ലാത്ത പേടി തോന്നി. പേപ്പട്ടി കടിച്ച ആൾക്കാരുടേം ജന്തുക്കളുടെയും പേടിപ്പിക്കുന്ന മരണങ്ങളെ പറ്റി കുറെ കഥകൾ അവനും വായിച്ചിട്ടുണ്ട്.

"നടക്ക മാഷെ. ഒന്ന് നോക്കാം. ഗുരുദരം ആണെങ്കി ന്നെക്കൊണ്ടാവ് ല്യ." ഇതുകൂടി കേട്ടപ്പോഴേക്കും കുട്ടന്റെ കണ്ണിൽനിന്നും ചെറുതായി വെള്ളം വരാൻ തുടങ്ങിയിരുന്നു.

"ഒന്നും ല്യ കുട്ടാ. മ്മടെ കല്യാണിക്ക് ഒന്നും ല്യ. അയ്യേ! കരയണ്ടാട്ടോ" ആപ്പ പുറത്തു തട്ടി കുട്ടനെ ആശ്വസിപ്പിച്ചപ്പോൾ അവന് ഒന്നു കൂടി സങ്കടമായി.

എത്ര വേഗമാണ് വൈദ്യനെയും കൂട്ടി തിരിച്ചു വീട്ടിലെത്തിയതെന്നവനറിഞ്ഞില്ല. കല്യാണിയുടെ അടുത്തെത്തിയപാടേ വൈദ്യൻ പതുക്കെ ചെന്ന് അവളുടെ വാലിന്റെ അറ്റത്തെ രോമത്തിൽ പിടിച്ചു ചെറുതായി രണ്ടുമൂന്നു പ്രാവശ്യം വലിച്ചു. ആശ്വാസത്തോടെ അച്ഛനെ നോക്കിപറഞ്ഞു

"ഒരു കൊഴപ്പോം ല്യ മാഷെ."

പേ പിടിച്ച പശുവാണെങ്കിൽ വലിച്ചാൽ വാലിലെ രോമം ഇളകി വരുമത്രെ. ആപ്പ വൈദ്യൻ അച്ഛനോട് വിവരിച്ചു. ഇനി കുഴപ്പമില്ല. കാര്യങ്ങൾ

ആപ്പവൈദ്യന്റെ വരുതിക്ക് നിന്നോളും! കുട്ടൻ വലിയ ബഹുമാനത്തോടെയും സന്തോഷത്തോടെയും ആ നാട്ടു വൈദ്യനെ നോക്കി.

വലിയ അപകടമില്ലെന്നു മനസ്സിലാക്കിയ വൈദ്യൻ ചുറ്റുപാടുമൊന്ന് കണ്ണോടിച്ചു. കാര്യം മനസ്സിലായപോലെ ഒരു ഭാവം. അരയിൽനിന്നും പേനാക്കത്തി പുറത്തെടുത്തു വടക്കുവശത്തേക്ക് നടന്നു. അമ്മ പുറത്ത് പാത്രം കഴുകുന്ന സ്ഥലത്തുനട്ടിരുന്ന കുന്നൻ വാഴയുടെ ഒരു ഇല അടിവശം ചേർത്തു മുറിച്ചെടുത്തു. ഏതാണ്ട് ഒരു മീറ്റർ നീളത്തിൽ ഇലയെല്ലാം ചീകി മാറ്റി വാഴത്തണ്ടുമെടുത്ത് മുൻവശത്തേക്ക് വന്നു. കുട്ടൻ വൈദ്യന്റെ പിന്നാലെതന്നെയുണ്ട്. ഉമ്മറത്തെ കോലായിൽ നിന്ന് ഒരു മരക്കഷണമെടുത്ത് വാഴത്തണ്ടിന്റെ ഒരറ്റം ചെറുതായൊന്ന് ചതച്ചു.

"മാഷെ... ഒന്ന് വരൂ. കല്യാണീന്റെ വായൊന്ന് പിടിക്കണം"

അച്ഛൻ ശ്രദ്ധയോടെ കല്യാണിയുടെ വായ പതുക്കെ പിളർത്തിപ്പിടിച്ചു. വായിൽനിന്നും നല്ലവണ്ണം നുരയും പതയും വരുന്നുണ്ട്. ആപ്പവൈദ്യൻ വാഴത്തണ്ട് കല്യാണിയുടെ വായ്ക്കകത്തേക്കിട്ട് ചെറുതായി രണ്ടു പ്രാവശ്യം കുത്തി.

മുന്നിലെ രണ്ടുകാലുകളുമുയർത്തി അവളൊന്നു ചാടി. എന്നിട്ട് ആശ്വാസത്തോടെ എല്ലാവരെയുമൊന്ന് നോക്കി. ഇപ്പോൾ ഒരു അസുഖവുമില്ല. ദൂരെ ഇരിക്കുന്ന കാടിപ്പാത്രത്തിലേക്കു നോക്കി തല കുലുക്കുന്നു. അമ്മ വേഗം അതെടുത്ത് അവളുടെ മുന്നിലേക്ക് വച്ച് കൊടുത്തു. ആർത്തിയോടെ കല്യാണി അത് കുടിക്കാൻ തുടങ്ങി. കുട്ടൻ അന്തം വിട്ടു നിൽക്കുകയാണ്. അവനൊന്നും മനസ്സിലായില്ല.

"എങ്ങിന്യാ അച്ഛാ കല്യാണീടെ അസുഖം മാറീത്?"

കുട്ടന്റെ നിൽപ്പും ചോദ്യവും കേട്ട ആപ്പ വൈദ്യൻ ചിരിച്ചുകൊണ്ട് അവനോട് പറഞ്ഞു.

"കുട്ടാ... പൈക്കൾക്ക് പഴുത്ത മാങ്ങ നല്ല ഇഷ്ടാണ്. സാധാരണ അതിന്റെ തോലും കാമ്പും തിന്ന് അണ്ടി തുപ്പിക്കളയും. കല്യാണിക്ക് ഇന്ന് അബദ്ധം പറ്റി. മാങ്ങയുടെ സ്വാദിൽ അണ്ടിയും തിന്നാൻ നോക്കിയതാവും. അണ്ടി തൊണ്ടേൽ കുടുങ്ങി. അതാ വെപ്രാളം കാണിച്ചത്. കുട്ടൻ നാളെ രാവിലെ പോയി തൊഴുത്തിൽ ഒന്നു നോക്കണം, കല്യാണി ഇട്ട ചാണകത്തിൽ ആ അണ്ടിയുണ്ടാവും!"

അപ്പോഴേക്കും അമ്മ ആപ്പവൈദ്യന് കൊടുക്കാനായി ഒരു ഗ്ലാസ് ചായയുമായി വന്നു. അത് വൈദ്യന് കൊടുത്തുകൊണ്ട് കുട്ടനോടായി പറഞ്ഞു

" കുട്ടാ ആ മൂരിക്കുട്ടനെ കയറഴിച്ചു വിട്ടോ. ഇന്നിനി പാൽ കറക്കണില്യ. കല്യാണി കൊറേ ബുദ്ധിമുട്ടിയതല്ലേ. അവൻ പാല് മുഴുവനും കുടിച്ചോട്ടെ."

കുട്ടൻ ഓടിച്ചെന്ന് മൂരിക്കുട്ടന്റെ കയറഴിച്ചുവിട്ടു. അവനോടിപ്പോയി കല്യാണിയുടെ അകിട്ടിൽനിന്നും പാല് വലിച്ചുകുടിക്കാൻതുടങ്ങി. എല്ലാവർക്കും നല്ല സന്തോഷം, പിന്നെ കുട്ടന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ!



# രണ്ട് കവിതകൾ

## മായാദത്ത്





### മഞ്ഞു തുള്ളിയും ഇലയും

മരണം മുന്നിൽ കണ്ട്
ഇലത്തുമ്പിലിരുന്ന്
മഞ്ഞു തുള്ളി
വിതുമ്പി.

നഷ്ടമാകാൻ പോകുന്ന
ഭാരത്തെയോർത്ത്
ഇലയും നമ്രശിരസ്കയായി.

### ലാവയും ഭൂമിയും

ഭൂമിക്കുള്ളിൽ തിളച്ചുരുകി
ലാവ വിങ്ങി;
ഒരു കുഞ്ഞു വിടവിലൂടെയെങ്കിലും
പൊട്ടിയുയർന്ന്
മാനം തൊട്ട്; പിന്നെ;
ഭൂമിയിലൂടെ
പരന്നൊഴുകാൻ
കൊതിച്ചു കൊണ്ട്.

അന്തരാളത്തിലുറയുന്ന
തിളയ്ക്കും ലാവയെ
കുടഞ്ഞൊന്നു കളയുവാൻ
ഭൂമിയും വിങ്ങി.

# വിതുമ്പുന്ന മനസ്സുകൾ

നോബിൾ ജേക്കബ്ബ്



ഒറ്റയ്ക്കു ചിന്തിച്ചിരുന്ന സമയം പോയത് അറിഞ്ഞില്ല. എന്റെ തൊണ്ട വരളുന്നതായി തോന്നി.

"മോനെ, പപ്പയ്ക്ക് കുടിക്കുവാൻ ഒരു ഗ്ലാസ് വെള്ളം കൊണ്ട് വരൂ" ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു.

"വേണമെങ്കിൽ പോയി എടുത്തു കുടിക്കു " അതായിരുന്നു അവന്റെ പ്രതികരണം.

"എന്ത് ചെയ്യാം, ഇന്നത്തെ കുട്ടികൾ ഇങ്ങനെ ആയി പോയി" ഞാൻ മനസ്സിൽ പുലമ്പി...

അടുക്കളയിൽ പോയി വെള്ളം എടുത്തു കുടിക്കുമ്പോഴും എന്റെ മനസ്സ് വിങ്ങുന്നുണ്ടായിരുന്നു. എന്റെ മനസ്സ് നിറയെ ഹനുമാനെ പറ്റിയുള്ള ചിന്തകളായിരുന്നു.
"അവനെ ഒന്നും കൂടെ കാണാൻ കഴിഞ്ഞിരുന്നെങ്കിൽ..." എന്റെ മനസ്സ് വിതുമ്പി.

* * * * * * * * * * * * * * * * * * * * * * * * * * * * * * *

"അത് റോഡിൽ നിന്നും എടുത്തു മാറ്റടാ" എന്ന ഡ്രൈവറുടെ ഗർജ്ജനമാണ് കാറിന്റെ പിൻസീറ്റിൽ പകുതി ഉറക്കത്തിലായിരുന്ന എന്നെ ഉണർത്തിയത്.

രാജസ്ഥാൻ മരുഭൂമിയിൽ, പാകിസ്ഥാൻ അതിർത്തിയോടു ചേർന്ന് കിടക്കുന്ന അനൂപ്ഗഢ് എന്ന സ്ഥലത്തു കൂടി ആയിരുന്നു ഞങ്ങൾ യാത്ര ചെയ്തത്.

കണ്ണ് തിരുമ്മി നോക്കിയപ്പോൾ, കയറ്റാവുന്നതിലും അധികം ഇഷ്ടികയുമായി റോഡിന്റെ ഓരത്തേയ്ക്കു തന്റെ സൈക്കിൾ ഒതുക്കുവാൻ പണിപ്പെടുന്ന, ഏകദേശം 7 - 8 വയസ്സുള്ള ഒരു കുട്ടിയെയാണ് ഞാൻ കണ്ടത്. ഡ്രൈവർ വീണ്ടും ഹോൺ അടിച്ചു. സൈക്കിൾ ഒതുക്കി മാറ്റുന്ന ബദ്ധപ്പാടിൽ, ഇഷ്ടികയുമായി അവനും അവന്റ സൈക്കിളും റോഡിൽ മറിഞ്ഞു വീണു. ഇഷ്ടിക എല്ലാം പൊട്ടി പോയി.

എനിക്ക് അവനോടു സഹതാപം തോന്നി. അവനെ ശല്യപ്പെടുത്തിയ ഡ്രൈവറെ ഞാൻ ശകാരിച്ചു.

കുറച്ചു കൂടി മുന്നോട്ടു പോയപ്പോൾ, വെള്ളം കുടിക്കുവാനായി അടുത്തു കാണപ്പെട്ട ഒരു വീടിന്റെ മുൻപിൽ കാർ നിർത്തുവാൻ ഞാൻ ഡ്രൈവറോട് ആവശ്യപ്പെട്ടു.

ഞങ്ങൾ ആ കുടിലിന്റെ വാതിലിൽ മുട്ടി. പുല്ലു കൊണ്ട് മേഞ്ഞ ഒരു ചെറിയ കുടിൽ ആയിരുന്നു അത്. ഒരു സ്ത്രീ വന്നു വാതിൽ തുറന്നു. കുടിക്കുവാൻ വെള്ളം ചോദിച്ചപ്പോൾ മുറ്റത്തു കിടക്കുന്ന ഒരു കട്ടിലിൽ ഇരിക്കുവാൻ പറഞ്ഞു. അതിന്റെ അടുത്ത് രണ്ടു പശുക്കളെ കെട്ടിയിരിക്കുന്നു.

ആ സ്ത്രീ ഓടി വന്നു, പശുവിനെ കറന്നു, പാലുമായി കുടിലിനുള്ളിലേക്കു കയറി പോയി. കുറച്ചു സമയം കഴിഞ്ഞു ഞങ്ങൾക്ക് ചായയുമായി വന്നു. റോഡിൽ കണ്ട കുട്ടി, പൊട്ടിയ ഇഷ്ടികകൾ തന്റെ സൈക്കിളിൽ ചേർത്ത് വെച്ച് കടന്നു വരുന്നതാണ്, ചായ കുടിച്ചു കൊണ്ടിരിക്കുമ്പോൾ എന്റെ ദൃഷ്ടിയിൽ പതിഞ്ഞത്.

അപ്പോഴാണ് അത് അവന്റെ വീട് ആണെന്ന് എനിക്ക് മനസ്സിലായത്. അവന്റെ മുഖത്ത് നോക്കുവാൻ പോലും ഉള്ള മാനസികാവസ്ഥയിൽ അല്ലായിരുന്നു ഞാൻ. എനിക്ക് കുറ്റബോധം തോന്നി. മുഷിഞ്ഞതും കീറിയതുമായ ഉടുപ്പും, ഒരു കയ്യിൽ ഊരിപ്പോകാതെ തന്റെ നിക്കറും പിടിച്ചു നിൽക്കുന്ന അവനോടു എന്ത് പറയണമെന്ന് അറിയാതെ ഞാൻ കുഴങ്ങി. അടുത്ത് വന്നപ്പോൾ ഞാൻ അവനോടു മാപ്പു പറഞ്ഞു.

അവന്റെ പേര് ഹനുമാൻ; നാലാം ക്ലാസ്സിൽ പഠിക്കുന്നു. അച്ചൻ രാവിലെ കൃഷി പണിക്കു പോയി. പുല്ലു പറിക്കുകയും, പശുക്കളെ നോക്കുകയും, വീട്ടുകാര്യങ്ങൾ നോക്കി നടത്തുകയും ചെയ്യുന്നത് അമ്മ ആണ്. ഹനുമാൻ തന്റെ പിതാവിനെയും മാതാവിനെയും അവരുടെ ജോലി കാര്യങ്ങളിൽ സഹായിക്കുന്നു.

"ഇന്ന് സ്കൂളിൽ പോയില്ലേയോ?" എന്ന എന്റെ ചോദ്യത്തിന്, "അച്ഛനെ ജോലിയിൽ സഹായിക്കേണ്ട ദിവസങ്ങളിൽ സ്കൂളിൽ പോകാറില്ല" എന്നായിരുന്നു അവന്റെ മറുപടി.

എന്റെ കുട്ടികാലം എനിക്ക് ഓർമ്മ വന്നു, കൃഷി പണി ചെയ്തതും, പുല്ലു പറിച്ചതും, പശുവിനെ കുളിപ്പിച്ചതും എല്ലാം.....

എന്റെ ജോലിയെ പറ്റിയൊക്കെ അവൻ എന്നോട് ചോദിച്ചു. അറിവിനായുള്ള അവന്റെ ആഗ്രഹം എന്നിൽ കൗതുകം ഉളവാക്കി. കുറച്ചു സമയം കൊണ്ട് ഞങ്ങൾ കൂട്ടുകാരായി.

ഞാൻ അവനെ ഉപദേശിച്ചു. നല്ലതായി പഠിച്ചു വലിയ ആളായി തീരണം എന്നൊക്കെ ഞാൻ അവനോടു പറഞ്ഞു. അവൻ എല്ലാം കാതോർത്തു ഇരുന്നു കേട്ടു.

ഞാൻ വീട്ടിൽ കുട്ടികളെ ഉപദേശിക്കുമ്പോൾ, "പപ്പാ, ഒന്നു മിണ്ടാതെ ഇരിക്കുമോ? കേട്ട് മടുത്തു..." എന്ന് പറയുന്ന എന്റെ കുട്ടികളെ എനിക്ക് ഓർമ്മ വന്നു.

മനഃപൊരുത്തമുള്ള, ഒരേ രീതിയിൽ ചിന്തിക്കുന്ന, ആളുകൾ ആണ് ഞാനും ഹനുമാനും എന്ന് എനിക്ക് മനസ്സിലായി.

ചായ കുടി കഴിഞ്ഞു എഴുന്നേറ്റപ്പോൾ, ഹനുമാന് കൊടുക്കുവാനായി എന്തെങ്കിലും ഉണ്ടോ എന്നറിയാനായി ഞാൻ എന്റെ പോക്കറ്റിൽ ഒന്നു പരതി. കിട്ടിയ ഒരു ചോക്കലേറ്റ് അവനു സമ്മാനിച്ചു. അതോടൊപ്പം, അവനെ കെട്ടിപിടിച്ചു കവിളിൽ ഒരു ഉമ്മ കൊടുത്തു.

അവന്റെ കണ്ണിലൂടെ കണ്ണുനീർ തുള്ളികൾ ഉരുണ്ടു താഴേക്ക് പതിക്കുന്നത് ഞാൻ കണ്ടു.

“ഇനി ഞാൻ ഹനുമാനെ കാണുന്നത് ഒരു വലിയ ആൾ ആയി, പത്രത്തിലൂടെ ആയിരിക്കും” എന്ന് ഞാൻ പറഞ്ഞു.

അവൻ പൊട്ടി കരഞ്ഞു. ഞാൻ അവനെ സ്വാന്തനപ്പെടുത്തി. വീണ്ടും കാണാം എന്ന ആശയിൽ അവനോടു യാത്ര പറഞ്ഞു ഞാൻ ഇറങ്ങി....

# യാത്രകളിൽ ചിലപ്പോൾ സംഭവിക്കുന്നത്...



## കണക്കൂർ ആർ. സുരേഷ്കുമാർ

കഴിഞ്ഞൊരു ദിവസം, രാത്രിയുടെ വൈകിയ വേളയിൽ മുംബൈയ്ക്കുള്ള തീവണ്ടി കാത്ത് മഡ്ഗാവ് സ്റ്റേഷനിൽ ഇരിക്കുകയായിരുന്നു. മേയ്മാസ ചൂടിനെ മറികടക്കുവാൻ ഫാൻ കറങ്ങുന്ന ഇടത്തിന് കീഴെയുള്ള ഇരിപ്പിടം തേടി കണ്ടുപിടിച്ചതാണ്. എനിക്കു പോകേണ്ട തീവണ്ടി എത്തുവാൻ ഇനിയും കുറേ സമയമുണ്ട്. ബാഗ് തുറന്ന് ഒരു പുസ്തകമെടുത്തു. അതിനിടെ ഒരാൾ അരികിൽ വന്നിരുന്നു. ആൾ സ്വയം പരിചയപ്പെടുത്തി. ശേഷം തീവണ്ടികൾ വൈകുന്നതിനെ കുറിച്ചുള്ള ഒരുപിടി പരിഭവങ്ങൾ പറഞ്ഞു. കുറച്ചു നേരം അദ്ദേഹത്തിന് ചെവി നൽകിയ ശേഷം പുസ്തകത്തിലേക്കു മടങ്ങുവാൻ ശ്രമിച്ചു.

യു കെ കുമാരൻ സാറിന്റെ നോവൽ - തക്ഷൻകുന്ന് സ്വരൂപം. വായന രസം പിടിച്ചു വന്നതാണ്. ഒരു ദേശത്തിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ഭൂവിലേക്ക് രാമർ എന്ന കഥാനായകൻ എന്നെ കൈപിടിച്ചു കടത്തിക്കൊണ്ടു പോകുവാൻ തുടങ്ങുകയായിരുന്നു. അതിനിടെ, അടുത്തിരുന്ന അദ്ദേഹം എന്നെ വീണ്ടും തോണ്ടി വിളിച്ചു.



"എന്തിനു ഗോവയിൽ വന്നു ?", "എത്ര ദിവസങ്ങൾ ഉണ്ടായിരുന്നു?" തുടങ്ങിയ ഒരടുക്ക് ചോദ്യങ്ങളായിരുന്നു പിന്നെ.

ഒരുവിധം ഉത്തരങ്ങൾ നൽകി, വീണ്ടും പുസ്തകത്തിലേക്ക് മടങ്ങുവാൻ ശ്രമം നടത്തി. വീണ്ടും അദ്ദേഹം ചോദ്യം ഉതിർത്തു-

"പുസ്തകവായന വലിയ ഇഷ്ടമാ അല്ലേ... നല്ല കാര്യമാണ്"

തുടർന്ന് തന്റെ വായനയൊക്കെ സെൽഫോണിൽ മാത്രമാണെന്ന് കുറ്റസമ്മതവും നടത്തി. ശേഷം സ്വന്തം സെൽഫോണെടുത്ത് അതിലേക്കു കയറിപ്പോയി. രക്ഷപെട്ടു. ഇനി സ്വസ്ഥമായി വായിക്കാം എന്നു ഞാൻ കരുതി.

എന്നാൽ അതെല്ലാം വെറുതെയായിരുന്നു. ആൾ ഫോണിൽ തപ്പിയെടുത്ത എന്തോ ഒന്നുമായി ഇടയിൽ ചാടിവീണു.

"ഇതു നോക്കു... എത്ര രസകരമായിരിക്കുന്നു."

തികഞ്ഞ വെറുപ്പോടെ ഞാൻ അതിലേക്ക് പാളിനോക്കി. എന്തോ ഒരു തമാശ വീഡിയോക്ലിപ്പ്. "താങ്കൾ കണ്ടോളൂ. എനിക്കിതിലൊന്നും താൽപര്യമില്ല..." എന്നു പറഞ്ഞ് പുസ്തകത്തിലേക്ക് മടങ്ങുവാൽ ശ്രമം നടത്തി.

വലിയൊരു ചിരിയായിരുന്നു മറുപടി. ആ മനുഷ്യൻ തുടർന്നു-

"ഇതൊക്കെ കാണണം സഹോദരാ... കാലത്തിനൊത്ത് നമ്മൾ മാറണം. എന്തെല്ലാം നല്ല കാര്യങ്ങളാണ് ചെറിയ സന്ദേശങ്ങളായി ഈ ഫോണിൽ വരുന്നത്..."

"ദയവായി താങ്കൾ എന്നെ വെറുതെ വിടൂ... ഞാൻ ഈ നോവൽ വായിക്കട്ടെ..." പരമാവധി വിനയം വാക്കുകളിൽ വരുത്തി അറിയിച്ചു.

"എങ്കിൽ ഒരു കാര്യം ചെയ്യൂ... നിങ്ങളുടെ വാട്ട്സാപ്പ് നമ്പർ പറയൂ... ഞാൻ നല്ല കുറേയെണ്ണം അയച്ചു തരാം. നിങ്ങൾക്ക് സമയം പോലെ കാണാല്ലോ..."

ഒരു നിമിഷം എന്റെ  കണ്ണുകളിൽ ഇരുട്ടു കയറി. ആ മനുഷ്യന്റെ  കഴുത്തിൽ രണ്ടു കൈകളും കൊണ്ടു മുറുക്കെപ്പിടിച്ച് ഉലച്ച് ട്രാക്കിലേക്ക് തള്ളുവാൻ തോന്നി. അതിനു നിയമം എന്നെ എങ്ങനെ വേണമെങ്കിലും ശിക്ഷിക്കട്ടെ എന്ന വിചാരവും വന്നു.
പിന്നെ സ്വബോധം തിരികെക്കിട്ടി.

എന്റെ ഫോണിൽ ഇത്തരം എത്ര സന്ദേശങ്ങൾ വരുന്നു! ഒരെണ്ണം തന്നെ എത്രവട്ടം..! ഞാനും കുറ്റവാളിയാണ്. പലതും അയച്ചിട്ടുണ്ട്. എത്ര രചനകളാണ് ഇങ്ങനെ പരക്കുന്നത്... എഴുത്തുകാരന്റെ പേരു പോലും ഇല്ലാതെ... ചിലത് നല്ലതും ആകാം. വിവരങ്ങൾ പങ്കു വെക്കുവാൻ ഇത്തരം നവ മാധ്യമങ്ങൾ ഉപകാരപ്രദമാണ് എന്നത് സത്യം. പക്ഷെ അത് പരിധി വിടുമ്പോൾ അസഹനീയം ആകും. അത്തരത്തിൽ ആയിക്കഴിഞ്ഞു.

നല്ല ലക്ഷ്യങ്ങൾക്കായി രൂപം കൊടുത്ത നിരവധി ഗ്രൂപ്പുകൾ ഇത്തരത്തിൽ മലിനപ്പെടുന്നു. എത്ര അപേക്ഷിച്ചാലും ചിലർ സന്ദേശങ്ങളെ തള്ളി വിടുകയാണ്. ഒരേ സന്ദേശം പലവട്ടം പല ഇടങ്ങളിൽ വായിക്കുമ്പോൾ എന്ത് ചെയ്യും? ആവശ്യത്തിനും അനാവശ്യത്തിനും ആയി എത്ര ഗ്രൂപ്പുകൾ. അതിനിടെ ഇതാ ഒരു അപരിചിതൻ എന്റെ നമ്പർ ചോദിക്കുന്നു. ഞാൻ ഒന്നും മിണ്ടാതെ എഴുന്നേറ്റു നടന്നു. ഗോമന്തകം എന്ന നോവലിലെ ആകാശ് എന്ന ചെറുപ്പക്കാരൻ നടന്നുപോയ കാലടികൾ മങ്ങിയ വെട്ടത്തിൽ ഞാൻ വീണ്ടും കണ്ടു.

# ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ ?

നാദിയ അജ്മൽ



"...അവയ്ക്ക് ത്രികോണാകൃതി ആയിരുന്നു. വളരെ തിളക്കമുള്ളതും പച്ചയെന്നോ ചാരയെന്നോ പറയാവുന്ന നിറം ആയിരുന്നു. ആ വസ്തുക്കൾ ഞങ്ങളുടെ വിമാനത്തെ വളരെ കൃത്യമായി പിന്തുടരുന്നുണ്ടായിരുന്നു...". ബ്രിട്ടീഷ് എയർവേയ്സ് പൈലറ്റ് റിച്ചാർഡ് ഹാർമ്മൺ 1970കളിൽ റിപ്പോർട്ട് ചെയ്ത ഈ സംഭാഷണ ശകലം ഈയിടെ ഒരു റേഡിയോ പരിപാടിയിൽ കേൾക്കാനിടയായി. ഭൂമിയല്ലാതെ മറ്റൊരു ഗ്രഹത്തിൽ ജീവനുണ്ടാകാനുള്ള സാധ്യതകൾ വിശകലനം ചെയ്ത ആ പരിപാടി, ഈ വിഷയത്തിൽ ഞാൻ വായിച്ചിട്ടുള്ള കാര്യങ്ങൾ ഒന്ന് ക്രോഡീകരിച്ച് എഴുതിയാലെന്ത് എന്ന ചിന്ത മനസ്സിൽ ഉണർത്തി വിട്ടു.

മേൽ വിവരിച്ച സംഭാഷണം അന്യഗ്രഹ വാഹനങ്ങളെയും (പറക്കും തളികകൾ) അന്യഗ്രഹ ജീവികളെയും കണ്ടെന്ന് അവകാശപ്പെടുന്ന നൂറുകണക്കിന് ദൃക്സാക്ഷി വിവരണങ്ങളിലും അനുഭവ സക്ഷ്യങ്ങളിലും ഒന്ന് മാത്രം. ദുരൂഹ സാഹചര്യങ്ങളിൽ കൃഷിയിടങ്ങളിൽ ഒറ്റ രാത്രി കൊണ്ട് പ്രത്യക്ഷപ്പെടുന്ന ക്രോപ് സർക്കിൾസ് (Crop Circles) മറ്റൊരുദാഹരണം. ചില ആളുകൾ തങ്ങളെ അന്യഗ്രഹ ജീവികൾ തട്ടിക്കൊണ്ട് പോയതായി വരെ റിപ്പോർട്ട് ചെയ്ത സംഭവങ്ങളുണ്ട്. പറക്കും തളികകളും അന്യഗ്രഹ ജീവി സന്ദർശനങ്ങളും ഒരു പക്ഷേ തെളിയിക്കപ്പെടാതെ കിടക്കുന്ന ഏറ്റവും വലിയ ദുരൂഹതകളിൽ ഒന്നാണ്.

കെട്ടുകഥകളോടും സാങ്കല്പിക സൃഷ്ടികളോടും, ഭൂമിയിതര ധിഷണ (extraterrestrial intelligence) അധിഷ്ഠിതമായ സിനിമകളോടും സീരിയലുകലോടും ആളുകൾക്ക് പൊതുവെയുള്ള അടങ്ങാത്ത അനുഭാവമാവാം ഇതിനൊരു കാരണം. ചിലപ്പോഴൊക്കെ മനപ്പൂർവം കബളിപ്പിക്കാൻ വേണ്ടിയും ആളുകൾ ഇത്തരം വിദ്യകൾ കാണിക്കാറുണ്ട് എന്നത് മറ്റൊരു കാര്യം.

എങ്കിൽ തന്നെയും ദശാബ്ദങ്ങളായി ശാസ്ത്രലോകത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ വലിയ ചോദ്യങ്ങൾ ഇന്നും നിലനിൽക്കുന്നു. ഈ മഹാ പ്രപഞ്ചത്തിൽ നാം തനിച്ചാണോ? ഇതര ഗ്രഹ ജീവികൾ യഥാർത്ഥത്തിൽ ഉണ്ടോ? ഏതെങ്കിലും തരത്തിൽ മറ്റു ഗ്രഹങ്ങളിലോ ഉപഗ്രഹങ്ങളിലോ ജീവൻ നിലനിൽക്കുന്നുണ്ടോ?

പ്രപഞ്ചത്തിലുള്ള കോടാനുകോടി നക്ഷത്രസമൂഹങ്ങളിൽ ഒന്ന് മാത്രമാണ് ക്ഷീരപഥം എന്നും അതിലെ അനേക കോടി നക്ഷത്രങ്ങളിൽ ഒന്ന് മാത്രമാണ് സൂര്യൻ എന്നും നമുക്കെല്ലാവർക്കും അറിയാം. കാൾ സാഗൻ തന്റെ "കോണ്ടാക്റ്റ് (Contact)" എന്ന നോവലിൽ പറയുന്നത് പോലെ "പ്രപഞ്ചം എത്രയോ വലുതാണ്. അതിൽ നാം മാത്രമാണ് ഉള്ളതെങ്കിൽ അതെത്ര മാത്രം പാഴാണ്"( "The universe is a pretty big place. If it's just us, seems like an awful waste of space")

മറ്റു ഗ്രഹങ്ങളിൽ ജീവൻ ഉണ്ടോ എന്ന പഠനത്തിന് മുന്നോടിയായി നമ്മൾ ചെയ്യേണ്ടത്, പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്ന എന്ന നമുക്കറിയാവുന്ന ഒരേ ഒരിടത്തിൽ, നമ്മുടെ സ്വന്തം ഗ്രഹത്തിൽ, ജീവൻ എങ്ങനെ നിലനിൽക്കുന്നു എന്ന് പഠിക്കുകയാണ്. നമ്മൾ നമ്മുടെ സൌരയൂഥത്തിന്റെയും ഭൂമിയുടെയും ചരിത്രം നന്നായി മനസിലാക്കേണ്ടിയിരിക്കുന്നു. അന്യഗ്രഹജീവനെക്കുറിച്ച് (സൂക്ഷ്മജീവികളെയും വികസിത (intelligent)

ജീവികളെയും) അന്വേഷിക്കുന്ന ഒരുപാട് പദ്ധതികൾ ഇന്ന് പല രാജ്യങ്ങളിലും നിലവിലുണ്ട്. അവയിൽ ഏറ്റവും പ്രധാന സ്ഥാപനം ആണ് "സെറ്റി (SETI, Search for Extraterrestrial Intelligence Institute)".

നമ്മൾ മനുഷ്യർ ഇന്ന് ഒരു റേഡിയോ യുഗത്തിലാണ് ജീവിക്കുന്നത്. മാർകോണിയുടെ ആദ്യ റേഡിയോ പ്രസാരണം മുതൽ കഴിഞ്ഞ നൂറു വർഷങ്ങളായി നമ്മൾ നിരന്തരം റേഡിയോ തരംഗങ്ങൾ പലതരം പ്രക്ഷേപണങ്ങൾക്ക് ഉപയോഗിക്കുന്നു. ഈ തരംഗങ്ങളിൽ നല്ലൊരു ശതമാനം അന്തരീക്ഷം വിട്ടു ശൂന്യാകാശത്തിന്റെ അനന്തതകളിലേക്കും സഞ്ചരിക്കുന്നുണ്ട്.

നമ്മെപ്പോലെ തന്നെ സാങ്കേതികമായി വികസിച്ച ഒരു സംസ്കാരം പ്രപഞ്ചത്തിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ അവരും ഇത് പോലെ റേഡിയോ തരംഗങ്ങൾ ഉപയോഗിച്ച് അവരുടെതായ ഒരു "റേഡിയോ കുമിള (Radio Bubble)" സൃഷ്ടിച്ചിട്ടുണ്ടായിരിക്കാം. റേഡിയോ ദൂരദർശിനികൾ ഉപയോഗിച്ച് ഇത്തരം തരംഗങ്ങൾ കണ്ടുപിടിക്കുകയും അതിലൂടെ അന്യഗ്രഹ ജീവൻ സ്ഥിരീകരിക്കുകയും ചെയ്യുക എന്നതാണ് SETI യുടെ പ്രവർത്തന ലക്ഷ്യം. പക്ഷെ ഒരു കുഴപ്പം എന്താണെന്നാൽ പ്രപഞ്ചത്തിൽ എവിടെ നോക്കണമെന്നോ ഏതൊക്കെ ആവൃത്തിയിലുള്ള തരംഗങ്ങൾ നോക്കണമെന്നോ നമുക്ക് അറിയില്ല.

ഭാഗ്യവശാൽ നമുക്ക് കമ്പ്യൂട്ടറുകൾ ഉണ്ട്. SETI യിൽ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ശതകോടി തരംഗങ്ങൾ ഒരേ സമയം പരിശോധിക്കാം. നമ്മുടെ സ്വന്തം "റേഡിയോ കുമിള" ഇതുവരെ പ്രപഞ്ചത്തിലൂടെ ഉദ്ദേശം നൂറ് പ്രകാശവർഷം സഞ്ചരിച്ചിട്ടുണ്ടാവും. അതനുസരിച്ച് നോക്കുമ്പോൾ നമുക്ക് ഒരു അന്യഗ്രഹ സിഗ്നൽ കിട്ടുകയാണെങ്കിൽ അത് സാങ്കേതികമായി നമ്മളെക്കാൾ മികച്ച ഒരു സംസ്കാരത്തിൽ നിന്നാണ് വരുന്നതെന്നു നിസംശയം പറയാം. ഒരു പക്ഷെ ആ സംസ്കാരങ്ങൾ നശിച്ചു പോയിട്ടുണ്ടാവും, അതുമല്ലെങ്കിൽ നാശത്തിൽ നിന്ന് രക്ഷപ്പെടാൻ മറ്റേതെങ്കിലും ഗ്രഹങ്ങളിലേക്ക് മാറി താമസിച്ചിട്ടുണ്ടാവാം.

സൗരയൂഥേതരഗ്രഹങ്ങളെ കണ്ടുപിടിക്കാൻ വേണ്ടി 2009ൽ വിക്ഷേപിച്ച കെപ്ലർ ബഹിരാകാശ ദൂരദർശിനി (Kepler Space Observatory) പ്രവർത്തനക്ഷമമായത് മുതൽ ഇതുവരെ 2,330 സൗരയൂഥേതരഗ്രഹങ്ങളെ സ്ഥിരീകരിച്ചിട്ടുണ്ട്. അതിൽത്തന്നെ ആവാസയോഗ്യമായ പരിക്രമണ പഥങ്ങളിൽ (habitable zone) കണ്ടുപിടിക്കപ്പെട്ട ഏതാണ്ട് 50 ഗ്രഹങ്ങളിൽ 30 എണ്ണത്തോളം ജീവൻ നിലനിൽക്കാൻ തക്ക സാഹചര്യങ്ങൾ ഉള്ളവയാണെന്നും സ്ഥിരീകരിച്ചിട്ടുണ്ട്.

മറ്റു സൗരയൂഥങ്ങളിൽ ഉള്ള ഭൂമിയുടെയും ഭൂമിയെക്കാളും വലുപ്പമുള്ള (super-Earths) ഗ്രഹങ്ങളെയും കണ്ടെത്തുന്നതിനും അവയുടെ സ്വഭാവം പഠിക്കുന്നതിനും ലക്ഷ്യം വെച്ചുള്ള പദ്ധതിയായ 'Planetary Transits and Oscillations of stars (PLATO)' 2026ൽ വിക്ഷേപിക്കപ്പെടും. തന്റെ പ്രാഥമിക ലക്ഷ്യമല്ലെങ്കിലും ആവാസയോഗ്യമായ ഗ്രഹങ്ങളെ കണ്ടെത്തുന്നതിൽ ഹബിളും (Hubble Space Telescope, HST) സഹായിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ കെപ്ലർ ബഹിരാകാശ പദ്ധതിയുടെ തുടർച്ചയായ ടെസ്സ് (TESS, Transiting Exoplanet Survey Satellite) 2018 ഏപ്രിൽ 18ന് പ്രവർത്തനം തുടങ്ങി. കെപ്ലർ പ്രപഞ്ചത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രം അതിസൂക്ഷ്മമായി നിരീക്ഷിക്കുന്നെങ്കിൽ ടെസ്സ് ബഹിരാകാശം മുഴുവൻ പരിശോധിച്ച് സൗരയൂഥത്തിന് പുറത്തുള്ള ആയിരക്കണക്കിന് പുതിയ ഗ്രഹങ്ങളെ വളരെ വേഗത്തിൽ കണ്ടെത്തിയേക്കും.

ഒരു ഗ്രഹം അതിന്റെ മാതൃനക്ഷത്രത്തിന്റെ മുന്നിലൂടെ കടന്നു പോവുമ്പോൾ ആ നക്ഷത്രത്തിൽ നിന്നും നമുക്ക് കിട്ടുന്ന പ്രകാശത്തിൽ ചെറിയ ഒരു കുറവ് സംഭവിക്കുന്നു. പ്രകാശത്തിലുള്ള ഈ കുറവിൽ നിന്നും നമുക്ക് ഗ്രഹത്തിന്റെ വലുപ്പം അനുമാനിക്കാം. കെപ്ലർ ഗ്രഹങ്ങളെ കണ്ടുപിടിക്കുന്നത് ഇത്തരം സംക്രമണങ്ങൾ നോക്കിയാണ്. ടെസ്സിന്റെ പ്രവർത്തനശൈലി ഇത് തന്നെയാണെങ്കിലും ടെസ്സ് ശ്രദ്ധ കേന്ദ്രീകരിക്കുനത് ചുവന്ന കുള്ളന്മാർ (Red Dwarfs) എന്നയിനം നക്ഷത്രങ്ങളുടെ മേലാണ്. താഴെ വ്യാഴഗ്രഹത്തിന്റെയും ഭൂമിയുടെയും സൂര്യസംക്രമണത്തിന്റെ വ്യത്യാസം കാണിച്ചിരിക്കുന്നു. ഭൂമിയെ അപേക്ഷിച്ച് എത്ര മാത്രം വലിയ താഴ്ചയാണ് വ്യാഴഗ്രഹം ഉണ്ടാക്കുന്നതെന്ന് ശ്രദ്ധിക്കുക.




*Image Credit: wherestheflux.com*

2009ൽ ഭൂമിയിൽ നിന്ന് 1280 പ്രകാശവർഷം അകലെയുള്ള സിഗ്നസ് നക്ഷത്രസമൂഹത്തിലെ (constellation Cygnus) KIC8462852 എന്ന നക്ഷത്രത്തെ കെപ്ലർ ദൂരദർശിനിയുടെ സഹായത്തോടെ പഠിച്ചു കൊണ്ടിരിക്കുമ്പോൾ അമേരിക്കൻ വാനനിരീക്ഷകയായ തബൈത ബോയാജൻ വളരെ വിചിത്രമായ ഒരു നിരീക്ഷണം നടത്തി. സാധാരണ ഒരു ഗ്രഹസംക്രമണം മൂലമുണ്ടാവുന്ന പ്രകാശത്തിന്റെ കുറവ് വളരെ ഐകരൂപ്യമുള്ളതായിരിക്കും. പക്ഷേ KIC8462852ൽ നിന്ന് കെപ്ലർ ശേഖരിച്ച ഡേറ്റ അന്നു വരെ കാണാത്ത തരത്തിലുള്ളതായിരുന്നു (ചിത്രം കാണുക).







*Image Credit: wherestheflux.com*

കൂടാതെ സാധാരണ സംക്രമണങ്ങൾ ഏതാനും മണിക്കൂറുകൾ മാത്രം നീണ്ടു നിൽക്കുമ്പോൾ, ഇവിടെ ഏതാണ്ട് ഒരാഴ്ചയോളം തികച്ചും ക്രമരഹിതമായ രീതിയിൽ പ്രകാശം മറക്കപ്പെട്ടു. കൂടാതെ പ്രകാശത്തിലുള്ള മങ്ങൽ ഏതാണ്ട് 22 ശതമാനത്തോളം ഉണ്ടായിരുന്നു (ഓർക്കുക വ്യാഴത്തിന്റെ വലുപ്പമുള്ള ഗ്രഹം ഉണ്ടാക്കുന്ന മങ്ങൽ വെറും 3% മാത്രമാണ്). നക്ഷത്രങ്ങൾ അതിന്റെ ഉത്ഭവ കാലത്ത് ഇത്തരം പ്രകാശ വ്യതിയാനം കാണിക്കാറുണ്ട്. പക്ഷേ KIC8462852 അത്തരത്തിൽപ്പെട്ട നക്ഷത്രമല്ല. കൂടാതെ മങ്ങലിലുള്ള ക്രമരാഹിത്യം കാണിക്കുന്നത് അതൊരു ഗോളാകാരമായ വസ്തുവേ അല്ലെന്നാണ്. പിന്നെന്തായിരിക്കാം അത്? ശാസ്ത്രലോകം ഇപ്പോഴും തലപുകഞ്ഞാലോചിച്ചു കൊണ്ടിരിക്കുന്നു.

എന്തായാലും അതൊരു ഗ്രഹമല്ലെന്ന് ഉറപ്പാക്കാം, കാരണം ഇന്നേ വരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഏതൊരു ഗ്രഹത്തേക്കാളും വളരെ മടങ്ങ് വലുതായിരിക്കണം അത്. കുറഞ്ഞപക്ഷം ആ മാതൃനക്ഷത്രത്തിന്റെ 0.15 മടങ്ങ്. കൂടാതെ നക്ഷത്രത്തിൽ നിന്നും വളരെ അകലെയും ആയിരിക്കണം ആ വസ്തു. ഒരു പക്ഷെ ആ നക്ഷത്രം അതിന്റെ ഗ്രഹത്തെ വിഴുങ്ങുകയായിരിക്കാം എന്ന് ചിലർ പറഞ്ഞു. മറ്റു ചിലരുടെ അഭിപ്രായം ഏതോ ഒരു ധൂമകേതുവിന്റെ (comet) കഷണങ്ങളായിരിക്കാം ഈ പ്രതിഭാസതിന്ന് കാരണം എന്നായിരുന്നു. കൂട്ടത്തിൽ ഏറ്റവും വിചിത്രവും അതേ സമയം തന്നെ ഏറ്റവും രസകരവുമായ അഭിപ്രായം വന്നത് ആ നക്ഷത്രത്തെ ഭ്രമണം ചെയ്യുന്ന ഏതോ ഒരു

ഗ്രഹത്തിൽ ഉള്ള, മനുഷ്യരേക്കാൾ ഒരുപാട് സാങ്കേതികമായി വികസിച്ച ജീവികൾ തങ്ങളുടെ മാതൃനക്ഷത്രത്തിൽ നിന്ന് ഊർജം സംഭരിക്കാൻ വേണ്ടി പണിത പടുകൂറ്റൻ സംവിധാനങ്ങളാണ് (Alien Megastructure, Dyson Spheres) ഈ പ്രതിഭാസതിന് കാരണം എന്നാണ്. ഇപ്പോൾ KIC8462852 ടാബിയുടെ നക്ഷത്രം (Tabby's Star) എന്ന പേരിൽ പ്രസിദ്ധമാണ്.



*Image Credit: www.gaia.com.*

ശാസ്ത്രലോകം ടാബിയെ വളരെ സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. 2017 മെയ് 20ന് ടാബി സ്റ്റാർ വീണ്ടും മങ്ങിത്തുടങ്ങിയത് ലോകത്തുള്ള മുഴുവൻ വനനിരീക്ഷകർക്കും (അമച്വർ വാനനിരീക്ഷകർ ഉൾപ്പെടെ) ഈ അത്ഭുത പ്രതിഭാസത്തെക്കുറിച് ആഴത്തിൽ പഠിക്കാനുള്ള അപൂർവമായ ഒരവസരം സമ്മാനിച്ചു. അൾട്രാവയലറ്റ്, ഇൻഫ്രാ റെഡ് തരംഗങ്ങളിലും, ദൃശ്യ പ്രകാശത്തിലും ഈ നക്ഷത്രത്തെക്കുറിച്ച് ആഴത്തിൽ പഠനങ്ങൾ നടന്നു.

ഇപ്പോൾ ഏറ്റവും പുതിയ പഠനങ്ങൾ തെളിയിക്കുന്നത് ടാബിയുടെ പ്രകാശവ്യതിയാനത്തിന് കാരണം അതിനു ചുറ്റും കറങ്ങുന്ന അസമാനവും സൂക്ഷ്മവും ആയ പൊടിപടലങ്ങൾ കൊണ്ട് തന്നെയാണ് എന്നാണ്. ടാബിയിൽ നിന്നുള്ള പ്രകാശത്തിന്റെ വ്യതിയാനം പല തരംഗദൈർഘ്യങ്ങളിൽ പല തരത്തിലാണ്. ഉദാഹരണം നീല തരംഗമേഘലയിൽ കൂടുതലും ചുവപ്പ് മേഘലയിൽ കുറവും ആണ്. അതിന് കാരണം പൊടിപടലങ്ങൾ (പ്രത്യേകിച്ച് കാർബൺ അധിഷ്ഠിത വസ്തുക്കൾ) നീല തരംഗങ്ങളെ കൂടുതൽ വിസരിപ്പിക്കുന്നത് കൊണ്ടാവാം (ഉദയാസ്തമയ സമയങ്ങളിൽ സൂര്യന്റെ നിറം എന്ത് കൊണ്ട് ചുവപ്പാകുന്നു എന്നാലോചിച്ചാൽ മതി). ഒരു ഗ്രഹം പോലെ അതാര്യമായ വസ്തു ആണെങ്കിൽ വ്യതിയാനം എല്ലാ തരംഗദൈർഘ്യങ്ങളിലും ഒരു പോലെ തന്നെ ആയിരിക്കും. വലിയ കഷണങ്ങൾ (like pebbles) ആണെങ്കിലും പ്രകാശം ഒരു പോലെ മറക്കപ്പെടും. ഇക്കാരണം കൊണ്ടു തന്നെ അവിടെ ഒരു Alien Megastructure എന്തായാലും ഇല്ല എന്നാണ് ശാസ്ത്രജ്ഞർ ഇപ്പോൾ ഉറപ്പിക്കുന്നത്.



*Image Credit: NASA/JPL-Caltech, Artist's concept of an "uneven ring of dust" orbiting KIC* 846285

ഇങ്ങനെയൊക്കെ ആണെങ്കിലും ചില പ്രതിഭാസങ്ങൾ വിവരിക്കപ്പെടാതെ ഇനിയും കിടക്കുന്നു. എന്ത് കൊണ്ടാണ് 2017ൽ മൂന്നുപ്രാവശ്യം അടുപ്പിച്ച് കുത്തനെ 20 ശതമാനം വരെ പ്രകാശവ്യതിയാനം ഉണ്ടായത് എന്നത് ഇപ്പോഴും വിവരണാതീതമാണ്. കൂടാതെ ഈ കഴിഞ്ഞ മാർച്ച് 16 മുതൽ 22 വരെ ഉണ്ടായിരുന്ന പ്രകാശവ്യതിയാനം 2013ന് ശേഷം ഉണ്ടായ ഏറ്റവും വലിയ മങ്ങൽ ആണ്. എല്ലാ പ്രതിഭാസങ്ങളും വിശദീകരിക്കാൻ ഇനിയും ഒരുപാട് പഠനങ്ങൾ ആവശ്യമായി വരും. അതിനാൽ ക്ലൈമാക്സിനായി നമുക്കിനിയും കാത്തിരിക്കേണ്ടി വരും.

നാം ഈ പ്രപഞ്ചത്തെ മനസിലാക്കിതുടങ്ങിയിട്ടേയുള്ളൂ. അന്യഗ്രഹങ്ങളിൽ ജീവൻ ഉണ്ടോ ഇല്ലയോ എന്നുള്ളത് എന്തായാലും നാം ഒരിക്കൽ സ്ഥിരീകരിക്കും. പക്ഷേ നമുക്കറിയാവുന്നിടത്തോളം നാം മാത്രമാണ് ഇപ്പോൾ ഈ മഹാപ്രപഞ്ചത്തിൽ വിവേകമതികളായ ജീവികൾ എന്നുള്ളത് അങ്ങേയറ്റം ഗഹനമായ സംഗതിയാണ്. അത് കൊണ്ട് തന്നെ നമുക്ക് നമ്മുടെ വംശത്തെ മഹാനാശത്തിൽ നിന്ന് രക്ഷിച്ചേ മതിയാവൂ. കാൾ സാഗൻ തന്റെ പ്രശസ്തമായ 'കോസ്മോസ്' ('cosmos') എന്ന പുസ്തകത്തിൽ എഴുതിയത് പോലെ, "നാം നമ്മെത്തന്നെ നശിപ്പിച്ചില്ല എന്നുണ്ടെങ്കിൽ, ഒരു ദിനം നാം നക്ഷത്രങ്ങളെ കീഴടക്കും" ("If we do not destroy ourselves, we will one day venture to the stars.")


Reference and image credits:

1. The Demon haunted world: Science as a candle in the dark – Carl Sagan
2. "The most mysterious star in the universe", a TED Talk by Tabetha Boyajian
3. Bad astronomy blog- Phil Plait (http://www.syfy.com/tags/bad-astronomy and slate magazine(blog))
4. "Mysterious dimming of tabby's star may be caused by dust", NASA feature article, (https://www.nasa.gov/feature/jpl/mysterious-dimming-of-tabbys-star-may-be-caused-by-dust)
5. "Tabby's star dims again" by Bob Yirka, Phys.Org (https://m.phys.org/news/2018-03-tabby-star-dims.html)
6. "KIC 8462852: where's the flux?", from official page for research related to the most mysterious star in our Galaxy, Tabetha Boyajian (wherestheflux.com)
7. TESS Exoplanet Mission, TESS Blog, NASA (https://www.nasa.gov/tess-transiting-exoplanet-survey-satellite)
8. Many episodes of "Infinite monkey cage", A BBC Radio 4 Podcast hosted by Physicist Brian Cox and Comedian Robin Ince.
9. "StarTalk", a podcast on space, science, and popular culture hosted by astrophysicist Neil deGrasse Tyson
10. "5 Answers to the Fermi Paradox: Why Haven't We Made Contact Yet?", www.gaia.com.



*(ആസ്ട്രോഫിസിക്സിൽ ബിരുദാനന്തരബിരുദധാരിയാണ് ലേഖിക)*



# Words fallen

## Prathibha Pradosh

Words fallen from me, Stared at the sky...

I am deeper than the plateau views,

Meaningful than what you read,

More loving than anyone you met,

Caring than anyone could be.

When your hands grab my throat,

I have to walk away to the moors,

A change can only keep me alive,

To hold you when you fall again.

Words fallen from me, stared at the sky...



# നിദ്ര

## സുനിൽ ഡി. ജോർജ്ജ്

അവനോ അതോ അവളോ അറിയില്ല

എന്നാലും ഭാണ്ഡത്തിൽ സുഖമായി ഉറങ്ങുകയാണ്

മഴയോ വെയിലോ എല്ലാം കുഞ്ഞിനു മുന്നിൽ തോൽക്കുകയാണ്

കാരണം കുഞ്ഞ് ഉറങ്ങുകയാണ്

എവിടേക്കോ എങ്ങോട്ടോ എന്നറിയില്ല

കുഞ്ഞ് ഉറങ്ങുകയാണ്

കരച്ചിലുമില്ല പൊട്ടിച്ചിരിയുമില്ല

സുഖകരമായ ഉറക്കം

ഭരണമാറ്റങ്ങളോ കൂട്ടമരണങ്ങളോ കുഞ്ഞിനെ ബാധിക്കുന്നില്ല

കുഞ്ഞിന്റെ സുഖകരമായ ഉറക്കം

രൂപയുടെ ഏറ്റക്കുച്ചിലുകളോ സ്റ്റോക്ക് മാർക്കറ്റിന്റെ കയറ്റിറക്കങ്ങളോ

കുഞ്ഞിന്റെ ഉറക്കത്തെ ഉലയ്ക്കുന്നില്ല

ലഹരിയുടേ ആരോഹണ അവരോഹണ താരാട്ടിനിടയ്ക്കാണ്

കുഞ്ഞിന്റെ ദിനം

# MISS Y

## Varada Harikumar



Meet Miss X.

A loaded human being, with infinite reserves of talent.

A happy life she led, with no complaints whatsoever.

She had everything-

A Family, to bond and have dinner with.

A circle of pals, to crack jokes with.

A best friend, to share secrets with.

She had boybands to fawn over and TV series to obsess over.

In short…

She was interested

In life and it's subtle, little joys.



Unlike now.

From the moment she emerged out of the cocoon

Of high school, her little township and the familiar neighbourhood.

She joined university. It was the first day of orientation.

A harsh reality slapped her right on the face.

She saw a vast ocean of adroitness, genius and good looks,

In which she was but a small drop!

She thought she couldn't stand a chance, or be unique amongst the crowd-

A wave of insecurity hit her and threatened to drown her.

It was nothing short of a vibrantly coloured quicksand, which pulled her down

Into the folds of a deep sense of inferiority.

She had no choice

But to give in.

Depression settled in her heart like a moth on a dried leaf.

Miss X now went to college, just existed, and came back.

The cycle continued for days and ate into her from within.

She loathed her daily commute.

She loathed lectures.

She loathed talking to people, she loathed everything-

She cried her nights away without knowing why.

In short…

She was disinterested

In life and it's subtle, little joys.



Until one fine morning.

Miss Y came into picture.

First step, just one of the many people X loathed talking to.

Second step, acquaintances.

Third step, they became great friends, inseparable.

"Don't you dare fall asleep while sir's teaching, X!"

She'd say, and threaten to write a random guy's name on X's hand.

"Go say hi to her! She's not gonna have you for breakfast!"

She'd say, and push X to have small talk with a lab partner.

"Hey! Let's just sing Summer of 69 for fun!"

She'd say, and remind her of her unrequited love for Bryan Adams.

Miss Y, like a bubbly lime soda on a summer afternoon,

Breathed life into X, without having the slightest inkling
That just her presence brightened her day,
It healed her wounds from within and made
Her lips curve upward into a smile.
Every single day.

X is all of us.

I know. Even if you don't care to tell me
There was a moment of weakness in your life.
When you faltered, and gave into that vibrant quicksand.
And let that moth settle.

There was a Y.
A miss Y.
Who could be a sister, mother or wife in your tale.
She brought that fresh wisp of air you so desperately needed in your life.
She inspired you, to find joy in your life,
And let no power in the world deter you
From being happy.
She cared enough to make sure that she healed
Every scar on your heart-
Knowingly or unknowingly, does it matter?

Go tell your miss Y, that you love her and need her.
Beyond measure.
For you're far from complete without her.

# നീലശരികൾ

## ആശാമോൾ



ആ സ്റ്റേഷനിൽ കൂടി കടന്നു പോകുന്ന അവസാനത്തെ തീവണ്ടിയും ചൂളം വിളിച്ചകലുന്നത് വരെ അയാൾ പ്ലാറ്റ്ഫോമിലെ ചാരുബെഞ്ചിലിരുന്നു. നഗരം ഉറക്കത്തിലേക്ക് വഴുതി വീണു കൊണ്ടിരുന്നു. നേർത്ത മഴത്തുള്ളികൾ മുഖത്ത് പതിക്കുന്നതറിയാതെ....

ട്രെയിനിൽ നിന്നിറങ്ങി അയാൾ ഈ ഇരിപ്പ് തുടങ്ങിയിട്ട് മണിക്കൂറുകളായി. .. എന്തുകൊണ്ടോ വീട്ടിലേക്ക് പോകാൻ തോന്നിയില്ല... ഭാര്യ അമലയും മകൻ നീരജും ഉറക്കമായിട്ടുണ്ടാവും.



പോക്കറ്റിൽ പരതി സ്പെയർ കീ ഉണ്ടെന്നുറപ്പിച്ചു. വീണ്ടും ഇന്നത്തെ ദിവസവും നന്ദിനിയുടെ വാടിയ മുഖവും ഓർമ്മയിലെത്തി... നന്ദിനിയുടെ മുഖം ഇരുണ്ട പച്ചയിൽ നിന്നും ഉണങ്ങുമ്പോൾ തവിട്ടു നിറത്തിലേക്ക് രൂപാന്തരം പ്രാപിക്കുന്ന ഇലഞ്ഞിപ്പൂവിനെ ഓർമ്മിപ്പിച്ചു.

അഞ്ചോ ആറോ മാസങ്ങൾക്ക് മുൻപാണ് മൊബൈൽ ഫോണിൽ ആ വാട്ട്സാപ്പ് സന്ദേശം അയാളെ തേടിയെത്തിയത്. അപരിചിതമായ നമ്പർ. ഒരു വാക്യം മാത്രം....... “മറന്നുവോ”....... DPയിൽ തെളിഞ്ഞ മുഖം മറന്നു കഴിഞ്ഞിരുന്നുവോ?... ഒരിക്കലും മറക്കാൻ കഴിയില്ലെന്ന് ഒരു കാലത്ത് വിചാരിച്ചിരുന്നു എന്ന് പോലും മറന്നു കഴിഞ്ഞിരിക്കുന്നു.

കാലം വലിയ മാടങ്ങൾ ഒന്നും വരുത്താത്ത വലിയ കണ്ണുകൾ.. പണ്ടെങ്ങുമില്ലാത്തൊരു ശോകഭാവം മുഖത്തുണ്ടായിരുന്നു. .... നന്ദിനി... നന്ദൂട്ടിയെന്ന് എല്ലാരും ഓമനിച്ചു വിളിച്ചിരുന്ന നന്ദിനി... ഒരവധിക്കാലത്ത് അമ്മയുടെയും അച്ഛന്റെയും ഒപ്പം നാട്ടിലെത്തിയപ്പോൾ ആണ് നന്ദൂട്ടിയെ ആദ്യമായി കാണുന്നത്. മുത്തശിയുടെ വീട്ടിൽ... അമ്മയുടെ അകന്ന ബന്ധുവായ ലളിതച്ചെറിയമ്മയുടെ മകൾ.... ഏഴോ എട്ടോ വയസ്സ് പ്രായം വരും... മുത്തശി ഒറ്റക്ക് താമസിക്കുന്ന തറവാട്ടിൽ രാവിലെ തന്നെ അവളെത്തും...

മക്കളെല്ലാം അകലങ്ങളിൽ ചേക്കേറിയ മുത്തശിയുടെ കൂട്ട്. വലിയ കണ്ണുകളിലെ അപരിചിതത്വം ക്രമേണ സൗഹൃദമായി......

തറവാട്ടു വളപ്പിൽ ഇലഞ്ഞിയും മുല്ലയും പൂത്തുലഞ്ഞു നിന്നതും പാതി കടിച്ച മാമ്പഴം താഴെയിട്ടു തന്നു ചിൽ ചിൽന്ന് കളിയാക്കിയോടുന്ന അണ്ണാറക്കണ്ണന്മാരെയും...... താഴ്ന്ന പേരമരക്കൊമ്പിൽ രാത്രിയിലെത്തുന്ന വവ്വാലുകളും..... തൊടിയിലെ കുളവും അതിരിനോട് ചേർന്നൊഴുകുന്ന നീർച്ചാലിൽ പുളഞ്ഞു പാഞ്ഞു പോകുന്ന ചെറുമീനുകളും... പാടത്തിനക്കരെ നിരന്നിരിക്കുന്ന വെള്ളക്കൊറ്റികളും...

എല്ലാം പരിചയപ്പെടുത്തിയത് നന്ദൂട്ടിയായിരുന്നു.. എന്നും രാവിലെ അവളെത്തും... മുത്തശിക്കുള്ള പാലുമായി.. പിന്നാലെയെത്തുന്ന ലളിതച്ചെറിയമ്മ മുറ്റം അടിച്ചു വൃത്തിയാക്കുമ്പോഴുള്ള ശബ്ദം കേട്ടാണ് ഉണരാറ്.

പ്രഭാതം...സ്വച്ഛമായ ശബ്ദങ്ങളാണ് നാട്ടിൻപുറത്ത്.... അമ്പലത്തിൽ നിന്നുള്ള കീർത്തനവും പള്ളിയിൽ നിന്നുള്ള മണി നാദവും..... കോഴികൾ കൂവുന്നത്.. പശുക്കളുടെ കരച്ചിൽ... കാളകളെ തെളിച്ചു വയലിലേക്ക് പോകുന്ന കർഷകരുടെ ശബ്ദം:-

അടുക്കളയിൽ അമ്മ ദോശ ചുടുന്ന ശബ്ദം. കുറിഞ്ഞിപ്പൂച്ച പാലിനായി കരയുന്നു... ഉണർന്നിട്ടും നേർത്ത തണുപ്പിൽ കണ്ണുകൾ അടച്ചു വെറുതേ കിടന്നു.... "മന്വേട്ടാ" എന്നു വിളിച്ച് ഓടിയെത്തുന്ന നന്ദൂട്ടി... വേഗം കുളിച്ചു വരൂ, അമ്പലത്തിൽ പോകാം..." കുളത്തിൽ കുളിച്ചു തനിക്ക് പരിചയമില്ലാത്തതിനാൽ ലളിതച്ചെറിയമ്മ കുളിമുറിയിൽ ചൂടുവെള്ളം നിറച്ച് തന്നു. കുളിമുറിയുടെ ചുവരിൽ പടരുന്ന പായൽ....

നന്ദൂട്ടി കുളിച്ചൊരുങ്ങി വന്നിരിക്കുന്നു. ഇളം വയലറ്റ് പട്ടുപാവാട പുതിയതാണെന്ന് പറഞ്ഞു ചിരിക്കുന്നു. ചുമലൊപ്പം മുറിച്ചിട്ട മുടിയെക്കാൾ നീളത്തിൽ മുല്ലപ്പൂമാല... കളിയാക്കിയപ്പോൾ മുഖം വീർപ്പിച്ച് കണ്ണ് നിറച്ച് മുൻപേ നടന്നു. ഇടവഴിയിലേക്കിറങ്ങുമ്പോൾ അമ്മ വിളിച്ചു പറഞ്ഞു... "സൂക്ഷിച്ച്.. കുട്ടികളെ.."..  അമ്പലത്തിലേക്ക് അധികം ദൂരമില്ലായിരുന്നു. കുറച്ചു ദൂരം നടന്നപ്പോൾ ശാരദേടത്തി, ഇന്ദിരേടത്തി ഒക്കെ കൂട്ട് കൂടി. അടുത്ത വീടുകളിലെയാണ്. "മന്വേട്ടന് നടന്നു പരിചയം കാണില്ല.. പട്ടണത്തിൽ വളർന്ന കുട്ടിയല്ലേ... ഷൂസിട്ടാണോ അമ്പലത്തിൽ പോവുക..." ... എന്നൊക്കെ പറഞ്ഞു ചിരിച്ചു. അവരുടെ കാലുകളിൽ ചെരിപ്പുണ്ടായിരുന്നില്ല.. പടവുകൾക്ക് മുൻപേ ഷൂസഴിച്ചുവെച്ചു. പടവിറങ്ങിയാൽ കുളം. കുളത്തിൽ താമരപ്പൂക്കൾ വിരിഞ്ഞു നിൽക്കുന്നു. കുളത്തിനു നടുവിൽ ക്ഷേത്രം.,, നടന്നു പോകാൻ കൽപ്പാതയുണ്ട്. ഇന്ദിരേടത്തി കൈ പിടിച്ചു. നന്ദൂട്ടി മുൻപേ ഓടിപ്പോയി. തൊഴുതു പ്രസാദം വാങ്ങി.. മഞ്ഞളും കരിക്കിൻവെള്ളവും ചേർന്ന ചുവപ്പ് നിറമുള്ള തീർത്ഥം വാങ്ങിയ കൈവെള്ളയിൽ ചുവപ്പ നിറം അവശേഷിച്ചു... ഗണപതിഭഗവാനു മുന്നിൽ ഉടഞ്ഞ നാളികേരക്കഷണങ്ങൾ. തിരിച്ചെത്താൻ പതിവിലും താമസിച്ചു. അമ്മയോ മുത്തശ്ശിയോ വഴക്കു പറഞ്ഞില്ല. പകരം ഇലച്ചീന്തിൽ ദോശ വിളമ്പി. ഇളം ചുവപ്പ് ചട്ണിയിൽ കറിവേപ്പിലകൾ ധാരാളിത്തത്തോടെ കിടന്നു. നന്ദൂട്ടി പഞ്ചസാരത്തരികൾ കൂട്ടി ദോശ കഴിച്ചുകൊണ്ടിരുന്നു.

മുറ്റത്തിനരികിൽ കുടപ്പനക്കന്നുകൾ കൂട്ടിയിട്ടിരിക്കുന്നു. നന്ദൂട്ടി അതിന്റെ കട്ടിയുള്ള നാരുകൾ വലിച്ചെടുക്കുന്നതെന്തിനാണെന്ന് മനസ്സിലായില്ല. ഇലഞ്ഞിപ്പൂക്കളും ചെമ്പകപ്പൂക്കളും കൊരുത്ത പൊട്ടാത്ത് മാലയുണ്ടാക്കാനാണത്രേ. ബാല്യത്തിൽ മുത്തശ്ശിയുടെ ഇരുവശത്തുമിരുന്ന് കഥ കേട്ടിരുന്ന കുട്ടികൾ..മടക്കയാത്രയിൽ ഇടവഴിയോരം വരെ വന്ന് കൈവീശിനിന്ന നന്ദൂട്ടി. ഓരോ അവധിക്കാലം കഴിയുമ്പോഴും ഒരുപാടു മാറിക്കൊണ്ടിരുന്നു. കണ്ണുകളിലെ സ്നേഹം ഒട്ടും കുറയാതെ തന്നെ. അവസാനം കാണുമ്പോൾ നീളൻ മുടിയും ദാവണിയുമായി നാട്ടിൻപുറത്തെ കോളേജിലേക്ക് നടന്നുപോവുകയായിരുന്നു നന്ദിനി.

പിന്നീട്എപ്പോഴോ അവധിക്കാലയാത്രകൾ കുറഞ്ഞുതുടങ്ങി. പഠനവും ജീവിതം കരുപ്പിടിപ്പിക്കാനുമുള്ള തിരക്കിൽ നന്ദൂട്ടിയേയും ലളിതച്ചെറിയമ്മയേയും ഓർക്കാതെയായി. വല്ലപ്പോഴും എഴുതുന്ന കത്തുകൾ... അവസാനം വന്നത് നന്ദൂട്ടിയുടെ വിവാഹക്ഷണക്കത്താണ്. പോകാൻ കഴിഞ്ഞില്ല. പുതിയ ജോലിയുടെ പ്രൊബേഷൻ കാലം...അച്ഛൻ ലളിതച്ചെറിയമ്മയെ നന്നായി സഹായിച്ചതറിഞ്ഞു സന്തോഷിച്ചു. ജീവിതത്തിരക്കിൽ, ഉദ്യോഗക്കയറ്റങ്ങളിൽ നാട്ടിൻപുറവും ഗ്രാമത്തിലെ നന്മകളും വല്ലപ്പോഴും വിരുന്നെത്തുന്ന ഓർമ്മകൾ മാത്രം.

പിന്നെപ്പോഴോ അമല കൂട്ടിനെത്തി. നഗരത്തിൽ വളർന്ന കുട്ടി...ഓർമ്മകൾ മുറിയുന്നു. വീണ്ടും നന്ദിനിയുടെ സന്ദേശം. "മറന്നില്ല" എന്ന് എഴുതി അയച്ചു. അവളും ഈ നഗരത്തിൽ തന്നെയുണ്ട്. എവിടെനിന്നോ തേടിപ്പിടിച്ചെടുത്ത തന്റെ നമ്പർ..ഇടവേളകൾക്കപ്പുറം എപ്പോഴോ അവളെഴുതി. "ഒരിക്കൽ ഇവിടെ വരൂ... കുടുംബവുമായി..." അഡ്രസ്സ് അയച്ചുതന്നു. അധികം ദൂരമില്ല. ഏറിയാൽ ഒന്നര മണിക്കൂർ ഡ്രൈവ്. നാട്ടിൽ നിന്ന് അമ്മ വന്നിട്ടുണ്ട്. ഭർത്താവിന് ഔദ്യോഗികയാത്ര. മോനെ നോക്കാൻ ആരെങ്കിലും വേണം. അവസാനം എഴുതി...എനിക്കു നല്ല സുഖമില്ല... എന്താണ് അസുഖം എന്നു ചോദിച്ചില്ല. പനിയോ മറ്റോ എന്ന് നിസ്സാരപ്പെടുത്തുവാനാണ് തോന്നിയത്. ലളിതച്ചെറിയമ്മയെ കാണണമെന്നുണ്ടായിട്ടും പോയില്ല. മറുപടി അയക്കാൻ ആകാത്തത്ര തിരക്കിൽ താൻ മുഴുകിപ്പോയിരുന്നു.

വീണ്ടും ഇടവേളകൾ... ഇടക്കു വരുന്ന മെസേജുകൾ... അമ്മ നാട്ടിലേക്ക് തിരിച്ചു പോയി. മോൻ ഭയങ്കര വികൃതിയാണ്. – വീണ്ടും എഴുതുന്നു... അമലയെ ഒന്നു കൊണ്ടുവരൂ... ഞാൻ കണ്ടിട്ടില്ല... മോനെയും... ഇന്ന് നാട്ടിലെ ഇലയടയുണ്ടാക്കി. നാവിൽ ശർക്കരയുടെ മധുരം കിനിയുന്ന ഓർമ്മകൾ... ജോലിത്തിരക്കിൽ മറുപടി അയക്കാൻ കഴിയാറില്ല. വല്ലപ്പോഴും അയക്കുന്ന മെസേജുകൾ... അവളുടെ സന്ദേശങ്ങളിൽ കാവും കുളവും നിറയുന്നു. ഇന്നലെയായിരുന്നു ആ സന്ദേശം. മുടിയാകെ കൊഴിയുന്നു. കീമോയുടെ ഇഫക്റ്റ്. പറയേണ്ടെന്നു വിചാരിച്ചിട്ടാണ്... അമ്മ ഇവിടെയുണ്ട്. അമ്മയെ കാണാനെങ്കിലും ഒന്നു വരൂ... ഞെട്ടിപ്പോയി. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു ദുരന്തം... പോകാതിരിക്കാൻ കഴിഞ്ഞില്ല. അത്രദൂരം ഡ്രൈവ് ചെയ്യാനുള്ള കരുത്തില്ലായിരുന്നു. തീവണ്ടിയിൽ പോകാനായിരുന്നു തീരുമാനം. ലിഫ്റ്റിൽ നിന്നിറങ്ങി ഡോർബെല്ലിൽ വിരലമർത്തും മുമ്പ് അൽപ്പസമയം നിന്നു. എങ്ങനെ അഭിമുഖീകരിക്കും? ബെൽ അടിച്ചപ്പോൾ വാതിൽ തുറന്നത് ലളിതച്ചെറിയമ്മയാണ്. കൺതടങ്ങളിൽ കറുപ്പ്... മുടി പാടെ നരച്ചിരിക്കുന്നു. മുഖത്ത് തെല്ലുമില്ല അപരിചിത ഭാവം. മനു അകത്തേക്ക് വരൂ... ചെറിയമ്മയുടെ പിന്നാലെ അകത്തേക്കു നടക്കുമ്പോൾ കണ്ടു. നന്ദൂട്ടിയെ... വാടിയ മുഖം... തലയിൽ സ്കാർഫ് കെട്ടിയിരിക്കുന്നു... നേർത്ത വിരലുകൾ... ഒന്നുമാത്രം ആശ്വസിപ്പിച്ചു. വലിയ കണ്ണുകളിൽ ഇനിയും വറ്റാത്ത പ്രതീക്ഷയുടെ തിളക്കം. എല്ലാ സന്തോഷവും വിരുന്നിനെത്തുന്ന ചിരി. “ഒടുവിൽ വന്നു, അല്ലേ” പിന്നെയും എന്തൊക്കെയോ അവൾ പറയുന്നു. വേണുവേട്ടൻ ഓഫീസ് ടൂറിലാണ്... കാണാൻ പറ്റിയില്ലല്ലോ... അമലയെ കൊണ്ടുവരാരുന്നു. ഒന്നും കേൾക്കാൻ കഴിയാത്തതു പോലെ... കാപ്പിയുമായി തിരിച്ചെത്തിയ ചെറിയമ്മ തടയും വരെ അവൾ സംസാരിച്ചു കൊണ്ടിരുന്നു. അവിടുന്നിറങ്ങുമ്പോൾ നേരം വൈകിയിരുന്നു.

യാത്ര പറയാൻ കഴിഞ്ഞില്ല. തിരക്കുകുറഞ്ഞ തീവണ്ടിയിൽ വളരെക്കാലത്തിനു ശേഷം. പുറത്തേക്കു നോക്കിയിരുന്നു... സ്റ്റേഷനിൽ നിന്നിറങ്ങുമ്പോൾ നേർത്ത ചാറ്റൽ മഴ പെയ്തുതുടങ്ങിയിരുന്നു. പ്ലാറ്റ്ഫോമിലെ ചാരുബെഞ്ചിലിരുന്നു. സമയം കടന്നു പോയതറിഞ്ഞില്ല. റൂമിലെത്തുമ്പോൾ അമലയും മോനും നല്ല ഉറക്കം. തന്റെ ഉറക്കം വിദൂരതയിലെവിടെയോ... പതിവുതെറ്റാതെ നന്ദൂട്ടിക്കയക്കുന്ന സന്ദേശങ്ങൾ- ഒരു നല്ല ദിനം... Have a nice day... വേദനകൾക്കപ്പുറം അവൾ പുഞ്ചിരിക്കുന്നുണ്ടോ. കണ്ണുകളിൽ പ്രതീക്ഷയുടെ നാളം അണയാതിരിക്കട്ടെ... വേദനയിലും തെല്ല് സന്തോഷിക്കുന്നു... സന്ദേശങ്ങൾക്കു താഴെ തെളിയുന്ന നനുത്ത നീല ശരികൾ കാണുമ്പോൾ അങ്ങനെ വിശ്വസിക്കാനാണിഷ്ടം. മറുപടി വരാത്ത ദിനങ്ങൾ അയാൾ ഉറങ്ങാതെ കഴിച്ചുകൂട്ടി.

സന്ദേശങ്ങൽ അയച്ച് അയാൾ കാത്തിരുന്നു. ആശ്വാസത്തിനായി... നീലശരികൾക്കായി...

# My brother

## Adithyakrishna



It was a rainy night. I came home expecting my brother to open the door. But the door was already open and filled with darkness. I switched on the lights and closed the door. I drank water as I was tired after playing football with my friends. The door was knocked by someone. I opened the door. But there was no one.

As I opened the door I noticed something strange. On the floor I saw blood flowing. I traced the flow of blood and reached the sofa. I glanced underneath it and was surprised. It was my brothers body filled with blood like that of Julius Caesar. I pulled the body out. I was crying. I checked. He was not breathing. I ran toward the telephone. I tried to call my parents. But the phone wasn't working. I tried unknown times but it was not working. I went to the hall were my brother was lying. While I was about to grab the smart phone to call I remembered that I kept the door open. I rushed towards the door.

As the door was about to be shut, the lights went off all of a sudden. I turned around. Found a huge familiar guy who was dipped in blood with red scary eyes and sharp teeth marching towards me with a ghostly movement. Was it the zombie of my brother? I don't know. But it was scary. So, I rushed out of my house screaming the way anyone would do when they confront a ghost.

I was out in the road filled with fear. I was travelling away from my home to my friend’s house. On reaching there, I did not tell them about what happened. I asked Sarang, my friend, who allowed me to use his phone to call my parents. I asked them where they were. An hour passed since the incident, and my parents replied they were at home. They asked me to reach home soon. I told them about brother’s death. They told to stop talking nonsense and reach home.

With some courage, I reached home with an upset mind. My dear brother with whom I enjoyed day and night had died. This time the door was not open. It was closed. I expected that the door would be opened by crying faces of my parents. But it was not them. It was the dead man, my brother. I was shocked., surprised and speechless. My heart was happy to see him. But my mind was in confusion. What had happened to me? I don’t know. It was like Abel coming to life after he was believed to be dead.

In the end my brother laughed. He told me what happened. I realised that I was just made fool by him. That is my brother.